# ചെറുപുഷ്പ മിഷൻലീഗ്

# നിയമാവലി



• സ്നേഹം • ത്യാഗം • സേവനം • സഹനം


"ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ"

(Pope Leo XIII)

# ചെറുപുഷ്പ മിഷൻലീഗ്

## പരിഷ്കരിച്ച നിയമാവലി
## 2019

CML Mathrubhavan, Bharananganam - 686 578
Phone : 04822 236381



ചെറുപുഷ്പ മിഷൻലീഗ് പതാക


**CHERUPUSHPA MISSION LEAGUE NIYAMAVALY**
(Malayalam)

| | | |
|---|---|---|
| Published by | : | Cherupushpa Mission League National Committee |
| First Edition | : | 13-06-1950 |
| 10th Edition (Revised) | : | 15-02-2019 |
| Copies | : | 2000 |
| Copy Right | : | Cherupushpa Mission League National Committee |
| Price | : | ₹ 100 |
| Layout & Printing | : | St. Alphonsa Offset, Pala |

## ചെറുപുഷ്പ മിഷൻലീഗ് സ്വർഗ്ഗീയ മദ്ധ്യസ്ഥ



വിശുദ്ധ കൊച്ചുത്രേസ്യ

## ഉപമദ്ധ്യസ്ഥർ



വിശുദ്ധ
തോമ്മാശ്ലീഹാ



വിശുദ്ധ
ഫ്രാൻസീസ് സേവ്യർ



വിശുദ്ധ
അൽഫോൻസാമ്മ

## ചെറുപുഷ്പ മിഷൻലീഗ് എംബ്ളം

## ചെറുപുഷ്പ മിഷൻലീഗ് ബാഡ്ജ്



The first letter of approval of the
# LITTLE FLOWER MISSION LEAGUE

Rt. Rev. Mgr. Jacob Kallarakal
Vicar Capitular

Bishop's House,
Changanacherry
13.06.1950

To,
Rev. Fr. Joseph Maliparambil
Director
Little Flower Mission League

I have gone through the Rules of the Mission League which is functioning with its centre at Bharananganam. I am very happy at the work the League is doing, and sincerely congratulate the members and co-operators. I desire that the Mission League be established in all the parishes and institutions of our Diocese. I advise the Rev. parish priests and heads of institutions to encourage and help the starting and spreading of the Mission League.

May the Lord bless the director, members and all the co-operators of the Little Flower Mission League.

(Sd/-)
**Mgr. Jacob Kallarakal**
Vicar Capitular

Message of Greetings

to

The Mission League

From

# HIS HOLINESS POPE PIUS XII

DR. 133
Vatican City

Hearty congratulations on the spiritual and financial assistance the Mission League is rendering to the Missionaries and on the praiseworthy endeavours for fostering the vocations. May Almighty God bless the Directors and Members of the organization abundantly.

For the Holy Father
(Sd/-)
Secretary of State

Vatican
10.04.1958

Message of Blessings
From

# HIS HOLINESS POPE JOHN XXIII

DR. 181
Vatican City

Paternal blessings to all those who are connected with the Little Flower Mission League. May all the members and co-workers of the Mission League have the strength to carry out its aims and to continue its manifold activities. My cordial greetings to the Directors and Members of the Mission League.

For the Holy Father Pope John XXIII
Cardinal Cicognani

Vatican
23.04.1960

Blessings From

# HIS HOLINESS POPE PAUL VI

Secretaria di Stato
Di Sua Santita
No. 92769

Dal Vaticano
Aprile 7, 1967

Reverend and dear Father,

The Holy Father has been consoled to read of the admirable progress made by the Cherupushpa (Little Flower) Mission League since its foundation twenty years ago, and he sends grateful salutations to all the more than three hundred thousand members of the League, Priests, Religious and Laity.

His Holiness gives thanks to God for the League's providential success in fostering the mission spirit, assisting misssionaries, and promoting Vocations both in India and abroad. He prays that our Blessed Lord may prosper this work in the years to come, and that He may send many more holy workers into His Vineyard through the prayers, sacrifices and offerings of the League.

To you, to the officers and members of the Little Flower Mission League, and to all who collaborate in your important activities, the Holy Father lovingly imparts, in pledge of rich divine graces and favours, His Paternal Apostolic Blessing.

With my personal felicitations and good wishes,

I remain

Sincerely yours in Christ
(Sd/-)
Secretary of State

To
The Director
Little Flower Mission League
Central Office
Bharananganam
Kerala, India

Blessings From

# HIS HOLINESS POPE JOHN PAUL II

Secretariate of State
No. 162235 From the Vatican, 12 October 1985

Dear Father Mathothu,

The Holy Father was pleased to receive your letter of 7 August 1985, informing him of the activities and progress of the Cherupushpa (Little Flower) Mission League.

His Holiness gives prayerful thanks to our Heavenly Father for the benefits bestowed on the Church through the Christian life and missionary zeal of the members of the League. He encourages you all to persevere in the lofty ideals which inspired the founders of the association and in this way to fulfil the hope expressed by the Second Vatican Council, "that God's people, undertaking the narrow way of the cross, may spread everywhere the Kingdom of Christ, the Lord and Overseer of the ages, and may prepare the way of His coming" (Ad. Gentes, I)

In the love of our Lord Jesus Christ and as a token of His spiritual closeness, His Holiness cordially imparts his Apostolic Blessings to you and to the officers and members of the Mission League.

With good wishes, I remain

To
The Director
Little Flower Mission League
Central Office
Bharananganam
Kerala, India

Sincerely yours in Christ
(Sd/-)
**+E. Martinez**
Substitute

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

Prot. No. 0366/2019

## DECREE

Whereas the XXIV Synod (2016), Session II, held from 22 August to 2 September 2016 decided to entrust the Commission for Vocation to promote Cherupushpa Mission League (CML) in the Syro-Malabar Eparchies,

Whereas the XXV Synod (2017), Session I, held from 09 – 14 January 2017 decided to request the Commission for Vocation to present a revised draft of the proposal of CML, incorporating the suggestions of the Bishops,

Whereas the XXVII Synod (2019), Session 1, held from 07-18 January 2019 decided to approve the Bye-laws of the CML by name CHERUPUSHPA MISSION LEAGUE NIYAMAVALY, with the suggested modifications, the undersigned

**GEORGE CARDINAL ALENCHERRY, Major Archbishop of the Syro-Malabar Church**, hereby approves the Bye-laws of Cherupushpa Mission League (CML) as appended to this decree w.e.f. 15 February 2019.

Given from the Syro-Malabar Church Major Archiepiscopal Curia at Mount St. Thomas, Kakkanad on 15 February 2019.

George Cardinal Alencherry
Major Archbishop of the Syro-Malabar Church

Fr Vincent Cheruvathoor
Major Archiepiscopal Chancellor

The Syro-Malabar Major Archiepiscopal Curia

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# ഉള്ളടക്കം


1. **ആമുഖം**

2. **ഒന്നാം ഭാഗം** 1
   പേര്, ലക്ഷ്യം, അംഗത്വം etc...

3. **രണ്ടാം ഭാഗം** 8
   ഘടന, ഭാരവാഹികൾ, ചുമതലകൾ

4. **മൂന്നാം ഭാഗം** 27
   ഭാരവാഹികളും തെരഞ്ഞെടുപ്പും

5. **നാലാം ഭാഗം** 36
   ഫണ്ടുശേഖരണവും വിനിമയവും

6. **അഞ്ചാം ഭാഗം** 39
   ഉപരിനിയമങ്ങൾ

7. **അനുബന്ധം**

**I** A) അംഗത്വസ്വീകരണം 40
B) അംഗത്വനവീകരണം
C) ഭാരവാഹികളുടെ സത്യപ്രതിജ്ഞ

**II** A) ഗ്രൂപ്പുസമ്മേളനം 47
B) പ്രതിമാസയോഗ നടപടികൾ
C) സുകൃതഡയറിയിൽ ഉൾപ്പെട്ട പുണ്യപ്രവൃത്തികൾ
D) പ്രത്യേക സമ്മേളനങ്ങൾ ചേരേണ്ട ദിവസങ്ങൾ
E) പൊതുയോഗങ്ങളിലെ ഭാരവാഹികളുടെ ക്രമം

**III** റിക്കാർഡുകൾ 50

**IV** 1. പതാക 50
2. നെയിംബോർഡ്
3. ബാഡ്ജ്
4. എംബ്ലം
5. മിഷൻ ആന്തം

# ആമുഖം

**"ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ"** എന്ന ഭാഗ്യ സ്മരണാർഹനായ XIII-ാം ലെയോ മാർപാപ്പയുടെ പ്രവചനം ആദർശവാക്യമായി സ്വീകരിച്ച് കേരളത്തിലും ഭാരതത്തിലെ വിവിധ രൂപതകളിലും മറ്റു രാജ്യങ്ങളിലും പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന അൽമായ പ്രേഷിതസംഘടനയാണ് ചെറുപുഷ്പ മിഷൻലീഗ്.

## ആരംഭം

വി. അൽഫോൻസാമ്മയുടെ ജീവിതംകൊണ്ട് ധന്യമായ ഭരണങ്ങാനത്ത് ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെയും ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെയും (കുഞ്ഞേട്ടൻ) നേതൃത്വത്തിൽ, ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ അംഗീകാരത്തോടെ 1947-ൽ ഈ സംഘടന പ്രവർത്തനം ആരംഭിച്ചു. ചെറുപുഷ്പ മിഷൻലീഗിന്റെ ഔപചാരികമായ ഉദ്ഘാടനം, വി. കൊച്ചുത്രേസ്യായുടെ ചരമ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് 1947 ഒക്ടോബർ 3-ന് ഭരണങ്ങാനത്ത് അൽഫോൻസാ നഗറിൽ ചേർന്ന സമ്മേളനത്തിൽ വച്ച് കോട്ടയം രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ നിർവ്വഹിച്ചു.

## പ്രഥമ ഗ്രൂപ്പിലെ അംഗങ്ങൾ

1. റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ
2. ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേൽ
3. ശ്രീ. റ്റി. റ്റി. മാത്യു തേക്കുംകാട്ടിൽ
4. ശ്രീ. എം. കെ. ജോസഫ് മാറാമറ്റം
5. ശ്രീ. പി. ജെ. തോമസ് പാലപ്ലാക്കൽ
6. ശ്രീ. റ്റി. റ്റി. മാത്യു തകിടിയേൽ
7. ശ്രീ. കെ. എസ്. മാത്യു കിഴക്കേക്കര

## വളർച്ച

കാലഘട്ടത്തിന്റെ ആവശ്യമായി ദൈവപരിപാലനയിൽ ജന്മം കൊണ്ട മിഷൻലീഗിന്റെ വളർച്ച വിസ്മയാവഹമായിരുന്നു. ഏതാനും വർഷങ്ങൾകൊണ്ട് കേരളത്തിലെ മിക്ക രൂപതകളിലും സംഘടനയുടെ വേരുറച്ചു. തുടർന്ന് ഭാരതസഭയുടെ പ്രേഷിതാഭിമുഖ്യത്തിന്റെ പ്രതീകമായ മിഷൻലീഗ് പുറത്തുള്ള രൂപതകളിലും പടർന്നു പന്തലിച്ചു തുടങ്ങി.

മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയ്ക്ക് ഐകരൂപ്യം വരുത്തുന്നതിനും വേണ്ടി 1950-ൽ ഒരു താൽക്കാലിക ഭരണഘടനയ്ക്ക് രൂപം നൽകുകയും ചങ്ങനാശ്ശേരി രൂപതാധികാരികളുടെ അംഗീകാരത്തോടെ അത് നടപ്പിലാക്കുകയും ചെയ്തു. ദൈവവിളി പ്രോത്സാഹനം, പ്രേഷിത പ്രവർത്തനം, വ്യക്തിത്വവികസനം എന്നിവയ്ക്ക് സംഘടനകൊടുത്ത ഊന്നൽ മിഷൻലീഗിനെ "ദൈവവിളികളുടെ നേഴ്സറി" ആക്കിത്തീർത്തു. ഭാരതത്തിൽ ആദ്യമായി വൊക്കേഷൻ ബ്യൂറോ ആരംഭിച്ചത് മിഷൻലീഗാണ്. 1968 ൽ ഭരണങ്ങാനത്ത് ആരംഭിച്ച പ്രസ്തുത ബ്യൂറോ ആണ് പിന്നീട് കേരള വൊക്കേഷൻ സർവ്വീസ് സെന്റർ (K.V.S.C) ആയി വളർന്നത്.

## K.C.B.C. യും C.B.C.I. യും അംഗീകരിക്കുന്നു

1977 ഏപ്രിൽ 6-ന് മിഷൻലീഗിന്റെ 30-ാം വയസ്സിൽ കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ (K.C.B.C) അംഗീകാരം സംഘടനയ്ക്ക് ലഭിച്ചു. 1981-ൽ കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യാ (C.B.C.I) മിഷൻലീഗിനെ ദേശീയ സംഘടനയായി അംഗീകരിച്ചു. വീണ്ടും K.C.B.C. 1990 നവംബറിൽ സംഘടനയെ സഭാവ്യാപനം, ദൈവവിളി എന്നിവയ്ക്കുള്ള (ചർച്ച് എക്സ്റ്റൻഷൻ & വൊക്കേഷൻ) കമ്മീഷനിൽ ഉൾപ്പെടുത്തി.

## സീറോ-മലബാർ സഭയുടെ നിയന്ത്രണത്തിലേക്ക്

ചെറുപുഷ്പ മിഷൻലീഗ് സീറോ-മലബാർ സഭയിൽ ഉത്ഭവിച്ച ഒരു അൽമായ പ്രേഷിത സംഘടന ആയതിനാലും കേരളത്തിന് പുറത്ത് ഇതര സഭകളിലെ രൂപതകളിൽ സംഘടന ഇല്ലാത്തതിനാലും സംഘടനയുടെ രക്ഷാകർത്തൃത്വം സീറോ-മലബാർ സഭയുടെ സിനഡ് ഏറ്റെടുക്കുന്നതാവും ഉചിതമെന്ന് സി.ബി.സി.ഐ അഭിപ്രായപ്പെട്ടതിനാൽ 2016 മുതൽ സംഘടനയുടെ ചുമതല സീറോ-മലബാർ സഭയുടെ സിനഡ് ഏറ്റെടുത്ത് അതിന്റെ മേൽനോട്ടം വൊക്കേഷൻ കമ്മീഷനെ ഏൽപ്പിച്ചു. കേരളത്തിൽ ഇതര സഭകളിലെ രൂപതകളിലും സംഘടന സജീവമായി പ്രവർത്തിച്ച് വരുന്നതിനാൽ കേരള സംസ്ഥാന സമിതിയുടെ ചുമതല കെ.സി.ബി.സിക്കും, ഇതര സംസ്ഥാന സമിതികളുടേയും, ദേശീയ സമിതികളുടേയും, അന്തർദ്ദേശീയ സമിതിയുടേയും ചുമതല സീറോ മലബാർ സഭയുടെ വൊക്കേഷൻ കമ്മീഷനും ആയിരിക്കും.

1950-ൽ രൂപം കൊടുത്ത നിയമാവലി കാലാനുസൃതമായി 1956, 1962, 1969, 1977, 1980 എന്നീ വർഷങ്ങളിൽ പരിഷ്കരിക്കുകയുണ്ടായി. ഇന്ത്യയിൽ ദേശീയ കത്തോലിക്കാസംഘടനകളിൽ ഒന്നായി

മിഷൻലീഗ് ഉയർത്തപ്പെട്ടതിനെ തുടർന്ന് C.B.C.I യുടെ നിർദ്ദേശമനുസരിച്ച്, നിയമാവലി 1988-ലും 1991 ലും തുടർന്ന് 2004-ലും പരിഷ്ക്കരിച്ചു. സീറോ- മലബാർ സഭയുടെ സിനഡ് സംഘടനയുടെ നിയന്ത്രണം ഏറ്റെടുത്തതിനെ തുടർന്ന് 2019 ജനുവരിയിലെ സിനഡ് അംഗീകരിച്ച, പരിഷ്കരിച്ച നിയമാവലി ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു. ഇത് 2019 ഫെബ്രുവരി പതിനഞ്ചിന് പ്രാബല്യത്തിൽ വരുന്നതാണ്.

ദേശീയ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി

രക്ഷാധികാരി
**മാർ ജേക്കബ് മുരിക്കൻ**
പാലാ

ദേശീയ പ്രസിഡന്റ്
**ബിനോയി പള്ളിപ്പറമ്പിൽ**
പാലാ

ദേശീയ ഡയറക്ടർ
**റവ. ഡോ. ജെയിംസ് പുന്നപ്ലാക്കൽ**
ഇടുക്കി

ദേശീയ ജനറൽ സെക്രട്ടറി
**സുജി പുല്ലുകാട്ട്**
കോട്ടയം

സി.എം.എൽ. മാതൃഭവൻ
ഭരണങ്ങാനം
15-02-2019

---

## ഓഫീസ് അഡ്രസ്

1. ചെറുപുഷ്പ മിഷൻലീഗ് സെൻട്രൽ ഓഫീസ്
   സി.എം.എൽ. മാതൃഭവൻ
   ഭരണങ്ങാനം
   കേരള - 686 578
   ഫോൺ : 04822 236381

2. സി.എം.എൽ. എക്സിക്യൂട്ടീവ് ഓഫീസ്
   മൗണ്ട് സെന്റ് തോമസ്, പി.ബി. 3110
   കാക്കനാട്, കൊച്ചി
   കേരള - 682 030
   ഫോൺ : 0484 2424780

# ചെറുപുഷ്പ മിഷൻലീഗ്

# നിയമാവലി

## ഒന്നാം ഭാഗം

**1. പേര്** : ചെറുപുഷ്പ മിഷൻലീഗ് (സി.എം.എൽ)

**2. ലക്ഷ്യം**

(a) **പ്രേഷിതപ്രവർത്തനം**

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16:15) എന്ന ദൗത്യം പ്രാവർത്തികമാക്കിക്കൊണ്ട്, വ്യക്തികളിലും കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും പ്രേഷിതചൈതന്യം വളർത്തി, പ്രാർത്ഥന, സംഭാവന, സന്മാതൃക, ജീവകാരുണ്യപ്രവർത്തനങ്ങൾ ഇവ മുഖേന ഇടവകയിലും രൂപതയിലും ലോകം മുഴുവനിലും പ്രത്യേകമായി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള എല്ലാവിധ പ്രേഷിത പ്രവർത്തനങ്ങളെയും സംഘടിതമായി സഹായിക്കുക.

(b) **ദൈവവിളി പ്രോത്സാഹനം**

അനുദിനപ്രാർത്ഥനകളും സുകൃത ഡയറിയിൽ (മാനുവൽ ബുക്കിൽ) ഉൾപ്പെട്ട പുണ്യപ്രവർത്തികളും കൃത്യമായി പരിശീലിപ്പിച്ചുകൊണ്ടും, വിശുദ്ധരുടെ ജീവിതമാതൃക പരിചയപ്പെടുത്തിക്കൊണ്ടും അംഗങ്ങളിലെ ദൈവവിളിയെ തിരിച്ചറിയാൻ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(c) **വ്യക്തിത്വവികാസം**

ആദ്ധ്യാത്മികവും സാമൂഹികവും സാംസ്കാരികവും മാനസികവുമായ മണ്ഡലങ്ങളിൽ സമഗ്രവികാസം പ്രാപിക്കുന്നതിന് അംഗങ്ങളെയും മറ്റുള്ളവരെയും സഹായിക്കുക.

**3. ആദർശവാക്യം**

"ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ" (13-ാം ലെയോ മാർപ്പാപ്പ)

## 4. മുദ്രാവാക്യം

സ്നേഹം, ത്യാഗം, സേവനം, സഹനം

## 5. സ്വർഗ്ഗീയ മദ്ധ്യസ്ഥ

വിശുദ്ധ കൊച്ചുത്രേസ്യ (വി. ചെറുപുഷ്പം)

## 6. ഉപമദ്ധ്യസ്ഥർ

വി. തോമാശ്ലീഹാ, വി. ഫ്രാൻസിസ് സേവ്യർ, വി. അൽഫോൻസാമ്മ

## 7. സ്ഥാപകർ

സ്ഥാപക ഡയറക്ടർ : റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ

സ്ഥാപക നേതാവ് : ശ്രീ.പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ)

## 8. രക്ഷാധികാരി

സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് സംഘടനയുടെ രക്ഷാധികാരിയും, സീറോ-മലബാർ സഭയുടെ വൊക്കേഷൻ കമ്മീഷൻ ചെയർമാൻ സഹരക്ഷാധികാരിയും ആയിരിക്കും.

(a) *മേഖല* - ഫൊറോന വികാരി

(b) *രൂപത* - രൂപതാദ്ധ്യക്ഷൻ

(c) *സംസ്ഥാനം*

(i) *കേരളം* : കെ.സി.ബി.സി നിയോഗിക്കുന്ന മെത്രാൻ

(ii) *ഇതര സംസ്ഥാനങ്ങൾ* : അതത് സംസ്ഥാനത്ത് മിഷൻലീഗ് പ്രവർത്തിക്കുന്ന രൂപതകളിലെ മെത്രാൻമാർ നിയോഗിക്കുന്ന മെത്രാൻ.

(d) *ദേശീയം* - സീറോ-മലബാർ സഭയുടെ വൊക്കേഷൻ കമ്മീഷൻ നിയോഗിക്കുന്ന മെത്രാൻ

## 9. അംഗത്വം

### A യോഗ്യത

(i) ആദ്യകുർബാന സ്വീകരിച്ച കത്തോലിക്കർക്ക് പ്രായപരിധി ഇല്ലാതെ സംഘടനയിൽ അംഗമാകാം

(ii) വിശ്വാസജീവിതം നയിക്കുന്നവരും വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും അഭിമാനം കൊള്ളുന്നവരും, മാതൃകാജീവിതം നയിക്കുന്നവരും ആയിരിക്കണം.

(iii) മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിച്ച് ദിവ്യകാരുണ്യ സ്വീകരണം നടത്തണം.

(iv) മേൽപറഞ്ഞ യോഗ്യത ഉള്ളവർ വി. തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വസ്വീകരണവും, എല്ലാ വർഷവും വിശുദ്ധ ചെറുപുഷ്പത്തിന്റെ തിരുനാളിനോടനുബന്ധിച്ച് അംഗത്വനവീകരണവും നടത്തണം.

B **വിവിധ വിഭാഗം അംഗങ്ങൾ**

(i) **പ്രവർത്തകാംഗങ്ങൾ**

ഗ്രൂപ്പുകളിൽ ചേർന്ന് പ്രവർത്തിച്ച് പ്രതിവർഷം അംഗത്വനവീകരണം നടത്തുന്നവരും ഉപരിഘടകങ്ങളിലെ ഭാരവാഹികളുമാണ് പ്രവർത്തകാംഗങ്ങൾ.

(ii) **സഹായകാംഗങ്ങൾ**

സംഘടനയുടെ ലക്ഷ്യപ്രാപ്തിക്ക് പ്രാർത്ഥന, സംഭാവന, സഹകരണം, സേവനം ഇവയിലൂടെ പ്രത്യേകമായി സഹായിക്കുന്നവരാണ് സഹായകാംഗങ്ങൾ.

(iii) **ബഹുമാന്യാംഗങ്ങൾ**

വൈദികമേലദ്ധ്യക്ഷന്മാരും, മിഷൻലീഗ് പ്രവർത്തകരായിരുന്ന വൈദികരും സന്യസ്തരും വൈദികവിദ്യാർത്ഥികളും മുൻകാല ഭാരവാഹികളുമാണ് ബഹുമാന്യാംഗങ്ങൾ.

## 10. അംഗങ്ങളുടെ പൊതുധർമ്മങ്ങൾ

(i) ഓരോ അംഗവും പ്രഭാത സമർപ്പണത്തിനു പുറമെ, താഴെ ചേർത്തിരിക്കുന്ന അനുദിനപ്രാർത്ഥന ചൊല്ലുകയും, പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി കാഴ്ചവയ്ക്കുകയും ചെയ്യുക.

സ്വർഗ്ഗസ്ഥനായ പിതാവേ...

നന്മനിറഞ്ഞ മറിയമേ...

ത്രിത്വസ്തുതി...

ഈശോയുടെ പരിശുദ്ധഹൃദയമേ,
അങ്ങയുടെ രാജ്യം വരണമെ.

മറിയത്തിന്റെ വിമലഹൃദയമേ,
ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണമെ.

വിശുദ്ധ തോമാശ്ലീഹായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

വിശുദ്ധ ഫ്രാൻസിസ് സേവ്യറേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

വിശുദ്ധ കൊച്ചുത്രേസ്യായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

വിശുദ്ധ അൽഫോൻസാമ്മേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

(ii) ഓരോ അംഗവും സുകൃത ഡയറിയിൽ (മാനുവൽ ബുക്കിൽ) ചേർത്തിരിക്കുന്ന പുണ്യപ്രവർത്തികൾ *(അനുബന്ധം II C)* നിർവ്വഹിക്കുകയും, ദൈവവിളിപ്രോത്സാഹനത്തിനും മിഷൻകേന്ദ്രങ്ങൾക്കും വേണ്ടി സമർപ്പിക്കുകയും ചെയ്യുക.

## 11. പ്രവർത്തകാംഗങ്ങളുടെ പ്രത്യേക ധർമ്മങ്ങൾ

(i) വി. തോമാശ്ലീഹാ, വി. ഫ്രാൻസീസ് സേവ്യർ, വി. കൊച്ചുത്രേസ്യാ, വി. അൽഫോൻസാമ്മ എന്നിവരുടെ തിരുനാളുകളിലും മിഷൻ ഞായർ, ദൈവവിളിദിനം, ബൈബിൾ ദിനം, സ്ഥാപകരുടെ ചരമദിനങ്ങൾ എന്നീ ദിവസങ്ങളിലും ദിവ്യബലിയിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യ സ്വീകരണം നടത്തുകയും ചെയ്യുക.

(ii) സംഘടനയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായും നിസ്വാർത്ഥമായും പങ്കെടുക്കുകയും സംഘടനയുടെ പൊതു ചടങ്ങുകളിൽ ബാഡ്ജ് ധരിക്കുകയും ചെയ്യുക.

(iii) എല്ലാവർഷവും വി. ചെറുപുഷ്പത്തിന്റെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുകയും അതത് രൂപതാ കമ്മിറ്റികൾ നിശ്ചയിക്കുന്ന അംഗത്വഫീസ് നൽകുകയും ചെയ്യുക.

(iv) ഉപരിഘടക ഭാരവാഹികൾ അതത് തലങ്ങളിൽ എങ്കിലും അംഗത്വ നവീകരണം നടത്തുക.

## 12. അംഗത്വ നഷ്ടവും പുനർലബ്ധിയും

### A അംഗത്വനഷ്ടം

(i) തുടർച്ചയായി മൂന്നുമാസം ഗ്രൂപ്പുമീറ്റിംഗുകളിലോ മാസ സമ്മേളനങ്ങളിലോ തക്കകാരണം കൂടാതെ പങ്കെടുക്കാതിരിക്കുകയോ ദിവ്യകാരുണ്യ സ്വീകരണം മുടക്കുകയോ ചെയ്യുക.

(ii) ഏല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ സാരമായ വീഴ്ച വരുത്തുക.

(iii) സംഘടന ആവശ്യപ്പെടുന്ന അച്ചടക്കം പാലിക്കാതിരിക്കുക.

(iv) വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(v) പ്രതിവർഷമുള്ള അംഗത്വനവീകരണവും അംഗത്വഫീസും മുടക്കുക.

ഇവയിൽ ഏതെങ്കിലും ഒന്ന് ഉണ്ടായാൽ എക്സിക്യൂട്ടീവ് കമ്മിറ്റി രേഖാമൂലം മുന്നറിയിപ്പ് നൽകേണ്ടതും പ്രസ്തുത അംഗത്തിന് രേഖാമൂലം വിശദീകരണത്തിന് അവസരം നൽകേണ്ടതുമാണ്. നടപടിപ്പിശക് തിരുത്താത്ത പക്ഷം എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് ശാഖാ ഡയറക്ടർക്ക് പ്രസ്തുത അംഗത്തിനെ പ്രാഥമികാംഗത്വത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്. എന്നാൽ ഉപരിഘടകങ്ങളിലെ ഭാരവാഹികളുടെ അംഗത്വം റദ്ദാക്കണമെങ്കിൽ അവർ അംഗമായ ഉപരിഘടക എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഭൂരിപക്ഷാഭിപ്രായം പരിഗണിച്ച് ശാഖാ ഡയറക്ടർക്ക് അംഗത്വം റദ്ദാക്കാവുന്നതാണ്. പ്രാഥമികാംഗത്വം നഷ്ടപ്പെടുന്നതോടെ സംഘടനയിലെ സ്ഥാനങ്ങളും അവകാശങ്ങളും നഷ്ടപ്പെടുന്നതാണ്.

(vi) ശിക്ഷണ നടപടികൾക്കു വിധേയരാകുന്നവർക്ക് മേൽഘടകങ്ങളിൽ ഒരു മാസത്തിനകം അപ്പീൽ ബോധിപ്പിക്കുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

### B അംഗത്വ പുനർലബ്ധി

അംഗത്വം നഷ്ടപ്പെട്ട വ്യക്തി മൂന്നുമാസങ്ങൾക്കുശേഷം രേഖാമൂലം ശാഖാ ഡയറക്ടർക്ക് നൽകുന്ന അപേക്ഷയും ഉറപ്പും പരിഗണിച്ച്, ശാഖാ എക്സിക്യൂട്ടീവ് കമ്മിറ്റി എടുക്കുന്ന ഭൂരിപക്ഷ തീരുമാനപ്രകാരം ആവശ്യമെങ്കിൽ വീണ്ടും അംഗത്വം നൽകാവുന്നതാണ്. അംഗത്വ പുനർലബ്ധി ലഭിച്ച വ്യക്തി ഒരു വർഷത്തിനുശേഷമേ ഭാരവാഹി ആകാവൂ.

## 13. തിരുത്തൽ നടപടികൾ

### A എക്സിക്യൂട്ടീവ് അംഗങ്ങൾക്കെതിരെ

(i) ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളിൽ വീഴ്ച വരുത്തുക

(ii) സംഘടന ആവശ്യപ്പെടുന്ന അച്ചടക്കം പാലിക്കാതിരിക്കുക.

(iii) വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(iv) തെരഞ്ഞെടുക്കപ്പെട്ട തലത്തിലെ തുടർച്ചയായ മൂന്ന് സമ്മേളനങ്ങളിൽനിന്നും തക്കതായ കാരണംകൂടാതെ വിട്ടുനിൽക്കുക.

ഇവയിൽ ഏതെങ്കിലും ഒന്ന് ഉണ്ടായാൽ അതത് തലത്തിലെ എക്സിക്യൂട്ടീവ് കമ്മിറ്റി രേഖാമൂലം വിശദീകരണം ആവശ്യപ്പെടേണ്ടതാണ്. വിശദീകരണം തൃപ്തികരമല്ലെങ്കിൽ ഭൂരിപക്ഷാഭിപ്രായം പരിഗണിച്ച് തൽസ്ഥാനത്തുനിന്നും നീക്കംചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. സ്ഥാനത്തുനിന്നും നീക്കംചെയ്ത ശേഷം അക്കാര്യം പ്രസ്തുത അംഗം ഉൾപ്പെടുന്ന കീഴ്ഘടകങ്ങളെ അറിയിക്കേണ്ടതാണ്. ഇപ്രകാരം സ്ഥാനം നഷ്ടപ്പെടുന്നവർക്ക് ആ തലത്തിലെ അടുത്ത തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ അർഹതയും അവകാശവും ഉണ്ടായിരിക്കുന്നതല്ല.

**B ഘടകങ്ങൾക്കെതിരെ**

(i) ക്രമക്കേടായി പ്രവർത്തിക്കുന്ന ശാഖകളുടെയും മേഖലകളുടെയും പേരിൽ ശിക്ഷണ നടപടി സ്വീകരിക്കേണ്ടതായി വന്നാൽ രൂപതാ ഡയറക്ടർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് ഉപസമിതി ആവശ്യമായ അന്വേഷണങ്ങൾ നടത്തി രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് യുക്തമായ നടപടി കൈക്കൊള്ളണം. എന്നാൽ ശിക്ഷണ നടപടി പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് അതിന്റെ വിശദാംശങ്ങൾ അതത് തലത്തിലെ രക്ഷാധികാരിയെയും ഉപരി ഘടകങ്ങളെയും രേഖാമൂലം അറിയിച്ചിരിക്കണം.

(ii) ശാഖാപ്രവർത്തനങ്ങൾ താല്ക്കാലികമായി നിർത്തിവച്ചാലും, ആ ശാഖയിൽപെട്ട ഉപരിഘടകങ്ങളിലെ ഭാരവാഹികൾക്ക് തുടർന്നും പ്രവർത്തിക്കാവുന്നതാണ്.

(iii) ഏതെങ്കിലും ഘടകം നടത്തിയതോ നടത്തുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ ഒരു പ്രവർത്തനം സംബന്ധിച്ചോ, പ്രചരിപ്പിക്കുന്ന ആശയങ്ങളോ സന്ദേശങ്ങളോ സംബന്ധിച്ചോ, മേൽഘടകങ്ങൾക്ക് വിശദീകരണം ആവശ്യമായി വന്നാൽ മേൽഘടകങ്ങൾ ഇക്കാര്യം പ്രസ്തുത ഘടകത്തെ രേഖാമൂലം അറിയിക്കേണ്ടതും, അറിയിപ്പ് ലഭിച്ച് 30 ദിവസത്തിനകം (അടിയന്തര സാഹചര്യങ്ങളിൽ 14 ദിവസങ്ങൾക്കകം) മേൽഘടകം നിർദ്ദേശിക്കുന്ന പ്രകാരം നേരിട്ടോ രേഖാമൂലമോ ആയ വിശദീകരണം കീഴ്ഘടകത്തിന്റെ

സെക്രട്ടറിയേറ്റ് സമിതി മേൽഘടകത്തിന് സമർപ്പിക്കേണ്ടതുമാണ്. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ ആവശ്യമെങ്കിൽ തിരുത്തലുകൾ നിർദ്ദേശിക്കാൻ മേൽഘടക എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും. മേൽഘടകം നിർദ്ദേശിക്കുന്ന തിരുത്തലുകൾക്കെതിരെ ഉപരിഘടകങ്ങളിൽ 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാൻ പ്രസ്തുത ഘടകത്തിന് അവകാശം ഉണ്ടായിരിക്കും. എന്നാൽ അപ്പീൽ അപേക്ഷയിൽ അന്തിമ തീരുമാനം വരുന്നതുവരെ ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പ്രസ്തുത ഘടകം മേൽഘടക നിർദ്ദേശം നടപ്പാക്കേണ്ടതാണ്. .

# രണ്ടാം ഭാഗം

# ഘടന, പ്രവർത്തനങ്ങൾ

# കമ്മിറ്റികളും ഭാരവാഹികളും ചുമതലകളും അധികാരങ്ങളും

## 14. ഘടന

ഏഴ് അംഗങ്ങൾ ചേർന്ന് രൂപീകരിക്കുന്ന ഗ്രൂപ്പാണ് അടിസ്ഥാന ഘടകം. ഗ്രൂപ്പുകൾ ചേർന്ന് ശാഖയും, ശാഖകൾ ചേർന്ന് മേഖലയും, മേഖലകൾ ചേർന്ന് രൂപതയും, രൂപതകൾ ചേർന്ന് സംസ്ഥാനവും, സംസ്ഥാനങ്ങൾ ചേർന്ന് ദേശീയവും, ദേശീയതലങ്ങൾ ചേർന്ന് അന്തർദ്ദേശീയതലവും സംഘടനയ്ക്കുണ്ടായിരിക്കും.

## 15. ഗ്രൂപ്പ് രൂപീകരണം

ഹാജർ രജിസ്റ്ററിൽ പേരുള്ള പ്രവർത്തകാംഗങ്ങളുടെ യോഗം ചേർന്ന് 7 അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുന്നു.

i) 18 വയസ്സുവരെയുള്ളവർ ജൂണിയർ ഗ്രൂപ്പ് എന്നും അതിനുമേൽ പ്രായമുള്ളവർ സീനിയർ ഗ്രൂപ്പ് എന്നും അറിയപ്പെടുന്നു.

ii) ഓരോ ഗ്രൂപ്പിനും ഒരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ പേര് ഉണ്ടായിരിക്കേണ്ടതാണ്.

iii) ഓരോ ഗ്രൂപ്പിലെയും അംഗങ്ങൾ ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുന്നു.

## 16. ഗ്രൂപ്പ് പ്രവർത്തനങ്ങൾ

(i) ആഴ്ചതോറും സമ്മേളിക്കുക.

(ii) ദിവ്യബലി, ദിവ്യകാരുണ്യസ്വീകരണം, അൾത്താരശുശ്രൂഷ, ബൈബിൾപാരായണം, ജപമാല, സുകൃതജപം, ഭവനസന്ദർശനം, രോഗീസന്ദർശനം, പഠനം, ജോലി തുടങ്ങിയവ വഴി വ്യക്തികളിൽ പ്രേഷിതചൈതന്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യുക.

(iii) മാനുവൽ ബുക്ക് (സുകൃതഡയറി) ആഴ്ചതോറും പൂരിപ്പിക്കുക.

(iv) ഗ്രൂപ്പുസമ്മേളനങ്ങളിൽ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് വ്യക്തികൾക്കും ഗ്രൂപ്പിന് മൊത്തമായും പ്രവർത്തനങ്ങൾ ഏല്പിക്കുക.

(v) ഇടവകയെ വിവിധ വാർഡുകളായി തിരിച്ച് പ്രവർത്തിക്കുക.

(vi) ശാഖാ ഫണ്ടിനായി സംഭാവനകൾ ശേഖരിക്കുക.

(vii) ശാഖ ഏല്പ്പിക്കുന്ന പ്രവർത്തനങ്ങൾ ഭംഗിയായും ക്രമമായും ചെയ്യുക.

(viii) പ്രേഷിത പ്രവർത്തനത്തിനുതകുന്ന കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(ix) കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക.

(x) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

(xi) ശാഖാ ഫണ്ടുശേഖരണത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

(xii) ചർച്ചാക്ലാസുകളും സാഹിത്യരചനാ പരിശീലനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.

(xiii) സുവിശേഷപ്രഘോഷണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(xiv) തിരുനാൾ ദിനങ്ങളിലും ഇതര ആഘോഷ അവസരങ്ങളിലും ദേവാലക്കമ്മിറ്റിയോടു സഹകരിച്ച് വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

(xv) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുകയും അവയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്യുക.

(xvi) അവരവരുടെ പ്രവർത്തനമേഖലകളിലെ ഭൗതിക ക്രമത്തെ വിശുദ്ധീകരിക്കുക.

## 17. ഗ്രൂപ്പ് ലീഡറുടെ ചുമതലകൾ

(i) ഗ്രൂപ്പുസമ്മേളനങ്ങളുടെ നേതൃത്വം വഹിക്കുക.

(ii) ഗ്രൂപ്പിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുക.

(iii) ഗ്രൂപ്പുറിക്കാർഡുകൾ ക്രമമായി എഴുതി സൂക്ഷിക്കുകയും പരിശോധനാവസരങ്ങളിൽ ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുകയും ചെയ്യുക.

(iv) ഗ്രൂപ്പുപ്രവർത്തനങ്ങളുടെ റിപ്പോർട്ട് ശാഖാ ജനറൽസെക്രട്ടറിക്ക് കാലാകാലങ്ങളിൽ നൽകുക.

(v) ശാഖാ ജനറൽസെക്രട്ടറിയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ യഥാസമയം അംഗങ്ങളെ അറിയിക്കുക

## 18. ശാഖ

### A ശാഖ രൂപീകരിക്കൽ

(i) ഒരു ഇടവകയിലെയോ സ്ഥാപനത്തിലെയോ ഗ്രൂപ്പുകൾ ചേരുന്നതാണ് ശാഖ. പ്രത്യേക സാഹചര്യത്തിൽ ഒരു ഗ്രൂപ്പ് മാത്രമേ ഉള്ളുവെങ്കിലും ഒരു ശാഖയായി അംഗീകരിക്കാവുന്നതാണ്.

(ii) ഒരു ശാഖ രൂപീകൃതമായാൽ ശാഖാ ഡയറക്ടർ ആ വിവരം ഒരു മാസത്തിനകം രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. രൂപതാ കേന്ദ്രത്തിന്റെ (എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ) അംഗീകാരം ലഭിച്ചുകഴിഞ്ഞുമാത്രം ശാഖയായി പരിഗണിക്കപ്പെടുന്നതാണ്.

(iii) സ്ഥാപനങ്ങളിലെ ശാഖകൾ സ്ഥാപനം ഉൾപ്പെടുന്ന രൂപതയുടെ കീഴിലായിരിക്കും.

### B ശാഖാ പ്രവർത്തനങ്ങൾ

(i) മിഷൻലീഗിന്റെ പ്രാർത്ഥന എല്ലാ ആഴ്ചയും നിശ്ചിതദിവസം ചൊല്ലുക.

(ii) മാസത്തിലൊരിക്കൽ ഒരു മണിക്കൂർ ആരാധന നടത്തുക.

(iii) പ്രതിമാസസമ്മേളനങ്ങൾക്കു പുറമെ പ്രത്യേക അവസരങ്ങളിലും സമ്മേളനങ്ങൾ നടത്തുക.

(iv) ജൂണിയേഴ്സിനും സീനിയേഴ്സിനും ഉപകാരപ്രദമായ ചർച്ചാ ക്ലാസുകൾ, സ്റ്റഡി ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.

(v) ദൈവവിളിദിനം, മിഷൻ ഞായർ, ബൈബിൾദിനം, സംഘടനാ മദ്ധ്യസ്ഥരുടെ തിരുനാളുകൾ, സ്ഥാപകരുടെ ചരമദിനങ്ങൾ ഇവ സമുചിതമായി ആഘോഷിക്കുക.

(vi) അൾത്താര സംഘങ്ങളും ഗായകസംഘങ്ങളും സ്ഥാപിക്കുകയും ആരാധനാക്രമങ്ങളിൽ സജീവമായും ഫലപ്രദമായും

പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് പരിശീലനവും പ്രോത്സാഹനവും നൽകുകയും ചെയ്യുക.

(vii) ദൈവവിളിയെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

(viii) മിഷൻ പ്രദേശങ്ങളുമായി സമ്പർക്കത്തിൽ ഏർപ്പെടുകയും പ്രാർത്ഥന, സംഭാവന തുടങ്ങിയവ വഴി അവിടങ്ങളിലെ പ്രവർത്തനങ്ങളോടു സഹകരിക്കുകയും എല്ലാ മാനുവൽ ബുക്കുകളിലെയും സുകൃതങ്ങളുടെ ആകെ എണ്ണം സമയാസമയങ്ങളിൽ അയച്ചുകൊടുക്കുകയും ചെയ്യുക.

(ix) അർഹരായ സെമിനാരി വിദ്യാർത്ഥികൾക്കും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും സാമ്പത്തികസഹായം നൽകുക.

(x) ഇടവകയെ സൗകര്യപ്രദമായ വിധത്തിൽ വാർഡുകളായി തിരിച്ച് ഭവനസന്ദർശനം, പ്രാർത്ഥനാസമ്മേളനം, സംഭാവന സ്വീകരണം, കത്തോലിക്കാ പ്രസിദ്ധീകരണ പ്രചാരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുക.

(xi) കാലോചിതവും സ്വീകാര്യവും സന്ദേശപൂർണ്ണവുമായ മാർഗ്ഗങ്ങളിലൂടെ സുതാര്യമായി ഫണ്ട് ശേഖരണം നടത്തുക (ഉദാ: ഭവനസന്ദർശനം, കാർഷികവിഭവശേഖരണം, ടിൻ കളക്ഷൻ, കടകളിലും വീടുകളിലുമുള്ള മിഷൻ പെട്ടി, ലക്കിഡിപ്പ്, മിഷൻ ട്രീ, തിരുനാൾ സ്റ്റാളുകൾ തുടങ്ങിയവ).

(xii) ലൈബ്രറി, ബുക്ക്സ്റ്റാൾ, കലാസമിതി, കൈയെഴുത്തുമാസിക, കായിക-കലാ -സാഹിത്യമത്സരങ്ങൾ തുടങ്ങിയവ നടത്തുക.

(xiii) ബൈബിളും മറ്റ് ഉത്തമ പ്രസിദ്ധീകരണങ്ങളും പ്രചരിപ്പിക്കുക.

(xiv) മതബോധന ക്ലാസുകൾ നടത്തുവാൻ പ്രോത്സാഹനവും സഹകരണവും നൽകുക.

(xv) ഇടവകയിലെ ജീവകാരുണ്യപ്രവർത്തനങ്ങൾ തനിച്ചോ ഇതര സംഘടനകളുമായി സഹകരിച്ചോ നടത്തുക.

(xvi) വാർഷികാഘോഷങ്ങൾ നടത്തുകയും പ്രവർത്തന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

(xvii) ഉപരിഘടകങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ യഥാസമയം പ്രാവർത്തികമാക്കുക.

**C ശാഖാ കമ്മിറ്റികൾ**

(i) **കൗൺസിൽ**

പ്രവർത്തനവർഷത്തിലെ പ്രവർത്തകാംഗങ്ങൾ മുഴുവൻ ഉൾപ്പെടുന്ന സമിതി.

(ii) **മാനേജിംഗ് കമ്മിറ്റി**

ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങളും ഗ്രൂപ്പു ലീഡർമാരും ഉൾപ്പെടുന്നു.

(iii) **എക്സിക്യൂട്ടീവ് കമ്മിറ്റി**

ഭാരവാഹികളും ശാഖയിൽനിന്നുള്ള ഉപരിഘടക ഭാരവാഹികളും പ്രതിനിധികളും ഉൾപ്പെടുന്നു.

(iv) **സെക്രട്ടറിയേറ്റ്**

ശാഖാ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഓർഗനൈസർ എന്നിവരുൾപ്പെടുന്നു.

**D ശാഖാ ഭാരവാഹികൾ**

ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഓർഗനൈസർ എന്നിവർ ഉൾപ്പെടുന്നു. ഇതിൽ ഡയറക്ടർ, വൈസ് ഡയറക്ടർ എന്നിവരൊഴിച്ചുള്ളവരെ ശാഖാ മാനേജിംഗ്കമ്മിറ്റിയിൽ നിന്നും തെരഞ്ഞെടുക്കുന്നു

## 19. മേഖല

**A മേഖലയുടെ രൂപീകരണം**

രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി, പ്രവർത്തന സൗകര്യത്തിനായി വിവിധ ശാഖകളെ ചേർത്ത് മേഖലകൾക്ക് രൂപം നൽകുന്നു.

**B മേഖലാ കമ്മിറ്റികൾ**

(i) **കൗൺസിൽ**

മേഖലയിൽ ഉൾപ്പെട്ട ശാഖാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്നു.

(ii) **മാനേജിംഗ് കമ്മിറ്റി**

മേഖലയിലെ ശാഖാ ഭാരവാഹികളും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും ഉൾപ്പെടുന്നു.

(iii) **എക്സിക്യൂട്ടീവ് കമ്മിറ്റി**

മേഖലാ ഭാരവാഹികളും മേഖലയിൽനിന്നുള്ള ഉപരിഘടക ങ്ങളിലെ ഭാരവാഹികളും പ്രതിനിധികളും ഉൾപ്പെടുന്നു.

(iv) **സെക്രട്ടറിയേറ്റ്**

മേഖലാ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നിവർ ഉൾപ്പെടുന്നു.

**C മേഖലാ ഭാരവാഹികൾ**

ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, രണ്ട് റീജിയണൽ ഓർഗനൈസർമാർ എന്നിവർ ഉൾപ്പെടുന്നു.

## 20. രൂപത

ഒരു രൂപതയുടെ കീഴിൽ വരുന്ന മേഖലകൾ ഉൾപ്പെടുന്നതാണ് രൂപതാ തലം. (മേഖലകൾ നിലവിലില്ലാത്ത രൂപതകളിൽ പ്രത്യേക സാഹചര്യത്തിൽ ശാഖാ എക്സിക്യൂട്ടീവ് കമ്മിറ്റികൾക്ക് ഒത്തുചേർന്ന് രൂപതാ കമ്മിറ്റിയെ തെരഞ്ഞെടുക്കാവുന്നതാണ്.)

**A രൂപതാ കമ്മിറ്റികൾ**

(i) **കൗൺസിൽ**

മേഖലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും രൂപതാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്നു.

(ii) **മാനേജിംഗ് കമ്മിറ്റി**

നിലവിലുള്ള മേഖലാ ഭാരവാഹികളും രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി നൽകുന്ന പാനലിൽ നിന്ന് രൂപതാദ്ധ്യക്ഷൻ നോമിനേറ്റ് ചെയ്യുന്ന ഒരു വൈദികൻ, ഒരു കന്യാസ്ത്രീ, രണ്ട് അൽമായർ എന്നിവരും ഉൾപ്പെടുന്നു

(iii) **എക്സിക്യൂട്ടീവ് കമ്മിറ്റി**

രൂപതാ ഭാരവാഹികളും രൂപതയിൽ നിന്നുള്ള സംസ്ഥാന മാനേ ജിംഗ് കമ്മിറ്റി പ്രതിനിധികളും (40 ശാഖയ്ക്ക് ഒന്ന് എന്ന കണക്കിൽ തെരഞ്ഞെടുക്കപ്പെടുന്നവർ, 40 കഴിഞ്ഞ് 20ഓ അതിൽ കൂടുതലോ

ശാഖകൾ ഉണ്ടെങ്കിൽ ഒരു പ്രതിനിധിയെക്കൂടി തെരഞ്ഞെടുക്കാം.) രൂപ തയിൽ നിന്നുള്ള ഉപരിഘടകങ്ങളിലെ ഭാരവാഹികളും പ്രതിനിധികളും ഉൾപ്പെടുന്നു.

(iv) **സെക്രട്ടറിയേറ്റ്**

രൂപതാ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നിവർ ഉൾപ്പെടുന്നു.

**B രൂപതാ ഭാരവാഹികൾ**

ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽസെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, 30 ശാഖയ്ക്ക് ഒന്ന് എന്ന തോതിൽ (30 കഴിഞ്ഞ് 15-ഓ അതിൽ കൂടു തലോ ഉണ്ടെങ്കിൽ ഒരാളെക്കൂടി തെരഞ്ഞെടുക്കാം) പരമാവധി ആറ് റീജിയണൽ ഓർഗനൈസർമാർ.

## 21. സംസ്ഥാനം

ഒരു സംസ്ഥാനത്തിൽ സംഘടന പ്രവർത്തിക്കുന്ന രൂപതകൾ ചേർന്ന് സംസ്ഥാനതലം രൂപീകരിക്കുന്നു. (ഒരു സംസ്ഥാനത്ത് ഒരു രൂപത മാത്രമേ നിലവിലുള്ളൂ എങ്കിൽ ആ രൂപതയുടെ ഡയറക്ടർ, വൈസ് ഡയറക്ടർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്ര ട്ടറി, ജോ.സെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നിവരടങ്ങുന്ന സമി തിയെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് തുല്യമായി പരിഗണി ക്കുന്നതിന് ദേശീയ സമിതിക്ക് അധികാരമുണ്ടായിരിക്കും).

**A സംസ്ഥാന കമ്മിറ്റികൾ**

(i) **കൗൺസിൽ**

ഒരു സംസ്ഥാനത്തിൽ സംഘടന പ്രവർത്തിക്കുന്ന രൂപതകളിലെ രൂപതാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും സംസ്ഥാന മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്നു.

(ii) **മാനേജിംഗ് കമ്മിറ്റി**

രൂപതാ ഭാരവാഹികൾ, രൂപതയിൽ നിന്നുള്ള സംസ്ഥാന പ്രതി നിധികൾ, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുന്ന (മറ്റുവിധത്തിൽ പ്രതിനിധീകരിക്കപ്പെടാത്ത) പരമാവധി 3 അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു.

### (iii) എക്സിക്യൂട്ടീവ് കമ്മിറ്റി

സംസ്ഥാന ഭാരവാഹികൾ, സംസ്ഥാനത്തുനിന്നുള്ള ദേശീയ മാനേജിംഗ് കമ്മിറ്റി പ്രതിനിധികൾ, (സംസ്ഥാന തെരഞ്ഞെടുപ്പ് സമിതിയിലെ അംഗങ്ങൾക്ക് 40ന് ഒന്ന് എന്ന അനുപാതത്തിൽ, എന്നാൽ ഇരുപതോ അതിലധികമോ ഉണ്ടെങ്കിൽ ഒരു പ്രതിനിധിയെ ക്കൂടി തെരഞ്ഞെടുക്കാവുന്നതാണ്.) സംസ്ഥാനത്തു നിന്നുള്ള ഉപരിഘടകങ്ങളിലെ ഭാരവാഹികളും പ്രതിനിധികളും, കൂടാതെ പ്രാതി നിധ്യമില്ലാത്ത രൂപതകൾക്ക് പ്രാതിനിധ്യം ലഭിക്കാൻ യുക്തമെന്നു തോന്നുന്നപക്ഷം സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി നോമിനേറ്റ് ചെയ്യുന്നവരും ഉൾപ്പെടുന്നു.

### (iv) സെക്രട്ടറിയേറ്റ്

സംസ്ഥാന ഡയറക്ടർ, പ്രസിഡന്റ്, ജനറൽസെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നിവർ ഉൾപ്പെടുന്നു

### B സംസ്ഥാന ഭാരവാഹികൾ

ഡയറക്ടർ, രണ്ട് വൈസ് ഡയറക്ടർമാർ (ഒരു വൈദികൻ, ഒരു കന്യാസ്ത്രീ) പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, പമാവധി ആറ് റീജിയ ണൽ ഓർഗനൈസർമാർ.

## 22. ദേശീയതലം

ഒരു രാജ്യത്ത് സംഘടന പ്രവർത്തിക്കുന്ന സംസ്ഥാന സമിതി കൾ ചേർന്ന് ദേശീയതലം രൂപീകരിക്കുന്നു. (സംസ്ഥാന സമിതികൾ നിലവില്ലാത്ത രാജ്യങ്ങളിലെ രൂപതാ സമിതികൾ ചേർന്ന് ദേശീയതലം രൂപീകരിക്കാം. എന്നാൽ, ഒരു രാജ്യത്ത് ഒരു രൂപത മാത്രമേ ഉള്ളൂ എങ്കിൽ ആ രൂപതയുടെ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജനറൽ ഓർഗനൈസർ, വനിതാപ്രതിനിധി എന്നിവരെ ആവശ്യമെങ്കിൽ ദേശീയസമിതിക്ക് തുല്യമായി പരിഗണിച്ച് അവരെ അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുവാൻ അന്തർദ്ദേശീയ സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.)

വിവിധ സംസ്ഥാന സമിതികളിലെ സീറോമലബാർ സഭാംഗ ങ്ങളായ ഭാരവാഹികൾക്ക് മാത്രമേ ദേശീയ കമ്മിറ്റികളിൽ അംഗത്വം ഉണ്ടായിരിക്കുകയുള്ളൂ.

## A ദേശീയ കമ്മിറ്റികൾ

### (i) കൗൺസിൽ

സംസ്ഥാന മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ദേശീയ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്നതാണ് കൗൺസിൽ.

### (ii) മാനേജിംഗ് കമ്മിറ്റി

സംസ്ഥാന ഭാരവാഹികൾ, സംസ്ഥാനത്തുനിന്നുള്ള ദേശീയ മാനേജിംഗ് കമ്മിറ്റി പ്രതിനിധികൾ, ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുന്ന പരമാവധി 5 അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു.

### (iii) എക്സിക്യൂട്ടീവ് കമ്മിറ്റി

ദേശീയ ഭാരവാഹികളും, ദേശീയസമിതിയിൽ നിന്നുള്ള അന്തർദ്ദേശീയ പ്രതിനിധികളും (ദേശീയ തെരഞ്ഞെടുപ്പുസമിതിയിലെ അംഗങ്ങൾക്ക് 20 ന് ഒന്ന് എന്ന അനുപാതത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർ. 20 കഴിഞ്ഞ് 10 ഓ അതിലധികമോ ഉണ്ടെങ്കിൽ ഒരു പ്രതിനിധിയെക്കൂടി തെരഞ്ഞെടുക്കാം) ആ രാജ്യത്തുനിന്നുള്ള ഉപരിഘടക ഭാരവാഹികളും, ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി നോമിനേറ്റ് ചെയ്യുന്നവരും ഉൾപ്പെടുന്നു.

### (iv) സെക്രട്ടറിയേറ്റ്

ദേശീയ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നിവർ ഉൾപ്പെടുന്നു.

## B ദേശീയ ഭാരവാഹികൾ

ഡയറക്ടർ, 3 വൈസ് ഡയറക്ടർമാർ (2 വൈദികർ, ഒരു കന്യാസ്ത്രീ), പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, പരമാവധി എട്ട് റീജിയണൽ ഓർഗനൈസർമാർ (വിവിധ സംസ്ഥാനങ്ങൾ ചേർന്നു രൂപംകൊള്ളുന്ന റീജിയനുകൾക്കു വേണ്ടി).

## 23. അന്തർദ്ദേശീയതലം

വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ദേശീയസമിതികൾ ചേർന്ന് അന്തർദ്ദേശീയതലം രൂപീകരിക്കുന്നു.

### A അന്തർദ്ദേശീയ കമ്മിറ്റികൾ

**(i) കൗൺസിൽ**

ദേശീയ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്നു.

**(ii) മാനേജിംഗ് കമ്മിറ്റി**

ദേശീയ ഭാരവാഹികൾ, ദേശീയ സമിതിയിൽ നിന്നുള്ള അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റി പ്രതിനിധികൾ, അന്തർദ്ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യുന്ന പരമാവധി 7 അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു.

**(iii) എക്സിക്യൂട്ടീവ് കമ്മിറ്റി**

അന്തർദ്ദേശീയ ഭാരവാഹികളും, തെരഞ്ഞെടുക്കപ്പെട്ട 7 എക്സിക്യൂട്ടീവ് അംഗങ്ങളും അന്തർദ്ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി നോമിനേറ്റ് ചെയ്യുന്നവരും ഉൾപ്പെടുന്നു.

**(iv) സെക്രട്ടറിയേറ്റ്**

അന്തർദ്ദേശീയ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജനറൽ ഓർഗനൈസർ എന്നിവർ ഉൾപ്പെടുന്നു.

### B അന്തർദേശീയ ഭാരവാഹികൾ

ഡയറക്ടർ, വൈസ് ഡയറക്ടർമാർ (3 വൈദികർ, 2 കന്യാസ്ത്രീകൾ) പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, പമാവധി എട്ട് റീജിയണൽ ഓർഗനൈസർമാർ.

## 24. സമ്മേളനങ്ങൾ

### A കോറം

(i) സാധാരണ യോഗങ്ങൾക്ക് അംഗസംഖ്യയുടെ അഞ്ചിലൊന്ന് ഭാഗമോ 20 അംഗങ്ങളോ, ഏതാണോ കുറവ്.

(ii) അടിയന്തരയോഗങ്ങളിൽ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവരിൽ രണ്ടുപേരും അംഗസംഖ്യയിൽ പത്തിലൊന്ന് ഭാഗമോ 5 അംഗങ്ങളോ ഏതാണോ കുറവ് അതും.

**B സമ്മേളനങ്ങൾക്കുള്ള നോട്ടീസ്**

ശാഖ, മേഖലാ തലങ്ങളിലെ സാധാരണ സമ്മേളനങ്ങൾക്കുള്ള നോട്ടീസ് സമ്മേളന തീയതിക്ക് 7 ദിവസം മുമ്പും രൂപതാ, സംസ്ഥാന സമ്മേളനങ്ങൾക്കുള്ളത് 15 ദിവസം മുമ്പും ദേശീയ, അന്തർദേശീയ സമ്മേളനങ്ങൾക്കുള്ളത് 30 ദിവസം മുമ്പും അംഗങ്ങൾക്കു ലഭിച്ചിരിക്കണം.

## 25. മേഖലയിലും മറ്റ് ഉപരിഘടകങ്ങളിലും നടത്തേണ്ട പ്രവർത്തനങ്ങൾ

(i) നിലവിലുള്ള ശാഖകളെ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ ശാഖകൾ സ്ഥാപിക്കുന്നതിന് പരിശ്രമിക്കുകയും ചെയ്യുക.

(ii) ശാഖാപ്രവർത്തകർക്കും പ്രവർത്തനങ്ങൾക്കും അംഗീകാരവും പ്രോൽസാഹനവും നൽകുക.

(iii) നേതൃത്വപരിശീലനക്യാമ്പുകൾ, സ്റ്റഡിക്ലാസുകൾ, സെമിനാറുകൾ, പരിശീലനകോഴ്സുകൾ, ചർച്ചാ സമ്മേളനങ്ങൾ തുടങ്ങിയവ വഴി പ്രവർത്തകർക്ക് പരിശീലനം കൊടുക്കുക.

(iv) വിവിധ പ്രവർത്തനങ്ങൾക്ക് പരിശീലനം നേടിയവരുടെ ടീമുകൾ രൂപീകരിക്കുകയും വിവിധ പ്രവർത്തനങ്ങൾക്കായി അവരെ നിയോഗിക്കുകയും ചെയ്യുക.

(v) കീഴ്ഘടകങ്ങളിലെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുവാനും മെച്ചപ്പെടുത്തുവാനും പദ്ധതികൾ ആസൂത്രണം ചെയ്യുക.

(vi) കീഴ്ഘടകങ്ങളിലെ റിപ്പോർട്ടും കണക്കും പരിശോധിക്കുക.

(vii) ഏറ്റവും നല്ല കീഴ്ഘടകങ്ങളെയും ശാഖകളെയും തെരഞ്ഞെടുത്ത് പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.

(viii) പൊതുപരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥമാക്കുന്നവരെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

(ix) വൊക്കേഷൻ ബ്യൂറോയുമായി സഹകരിച്ച് ദൈവവിളി വർദ്ധിപ്പിക്കുന്നതിനായി ക്യാമ്പുകൾ, ധ്യാനം, ഗൈഡൻസ് കോഴ്സ് മുതലായവ നടത്തുക.

(x) പ്രേഷിതപ്രവർത്തനം, ദൈവവിളി ഇവയെ പ്രോത്സാഹിപ്പിക്കുന്ന പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക.

(xi) വാർഷികാഘോഷങ്ങൾ നടത്തുകയും സമ്മാനങ്ങൾ നല്കുകയും ചെയ്യുക.

(xii) അംഗങ്ങളുടെ കലാസാംസ്കാരിക വാസനകളെ പരിപോഷിപ്പിക്കുകയും കലാ-കായിക മത്സരങ്ങൾ നടത്തുകയും ചെയ്യുക.

(xiii) ആവശ്യമായ റിക്കാർഡുകൾ വിതരണം ചെയ്യുകയും അവ ക്രമപ്പെടുത്തുകയും ചെയ്യുക.

(xiv) മേൽഘടകങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

(xv) മിഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെടുകയും മിഷൻ യാത്രകൾ സംഘടിപ്പിക്കുകയും ചെയ്യുക.

(xvi) അൽമായപ്രേഷിതരെയും അവരുടെ പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുക.

(xvii) സംഘടനാ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ ആവശ്യമായ മാധ്യമ പ്രചാരണം നൽകുക.

(xviii) മുൻകാല ഭാരവാഹികളുടെ സമ്മേളനങ്ങൾ വിളിച്ചുചേർക്കുകയും നിർദ്ദേശ ഉപദേശ സഹായങ്ങൾ സ്വീകരിക്കുകയും ചെയ്യുക.

## 26. ശാഖാതലത്തിലെ വിവിധ കമ്മിറ്റികളുടെ ചുമതലകളും അധികാരങ്ങളും

### A കൗൺസിൽ

(i) ആവശ്യാനുസരണം സമ്മേളിക്കുകയും പ്രവർത്തനവിജയത്തിനു വേണ്ട കാര്യങ്ങൾ തീരുമാനിക്കുകയും നിർദ്ദേശിക്കുകയും ചെയ്യുക.

(ii) അംഗങ്ങളുടെ സമഗ്രമായ വ്യക്തിത്വവികാസത്തിന് ഉതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

(iii) പ്രത്യേക സമ്മേളനങ്ങൾ സംഘടിപ്പിക്കുക (അനുബന്ധം II-D)

### B മാനേജിംഗ് കമ്മിറ്റി

(i) പ്രതിമാസ സമ്മേളനങ്ങൾക്ക് പുറമെ ആവശ്യാനുസരണം യോഗം ചേർന്നു ശാഖയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക. പോരായ്മകൾ തിരുത്തി കൂടുതൽ ഭംഗിയായി പ്രവർത്തിക്കാനുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകുക.

(ii) ശാഖാ കൗൺസിൽ തീരുമാനങ്ങൾ നടപ്പിലാക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സഹായിക്കുക.

(iii) പ്രതിമാസ വരവുചെലവു കണക്കുകളും പ്രവർത്തന റിപ്പോർട്ടും ചർച്ച ചെയ്ത് പാസാക്കുക.

(iv) പ്രവർത്തന മാർഗ്ഗരേഖയും ബഡ്ജറ്റും ചർച്ചചെയ്ത് പാസ്സാക്കുക.

(v) ഗ്രൂപ്പുപ്രവർത്തനങ്ങളുമായി സഹകരിച്ച് യഥാസമയം റിപ്പോർട്ടുകളും മറ്റും ശേഖരിച്ച് ചർച്ച ചെയ്യുക.

## C എക്സിക്യൂട്ടീവ് കമ്മിറ്റി

(i) ആവശ്യാനുസരണം യോഗം ചേർന്ന് ശാഖാ മാനേജിംഗ്കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുക.

(ii) പ്രവർത്തന മാർഗ്ഗരേഖയും ബഡ്ജറ്റും തയ്യാറാക്കി മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുക, അത് നടപ്പിലാക്കുക.

(iii) അടിയന്തരകാര്യങ്ങളിൽ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുക. (അടുത്ത മാനേജിംഗ്കമ്മിറ്റി യോഗത്തിൽ അംഗീകാരം വാങ്ങണം.)

(iv) പ്രതിമാസ സമ്മേളനത്തിന്റെ അജണ്ട തയ്യാറാക്കുക.

(v) സമ്മേളനങ്ങളിൽ അവതരിപ്പിക്കേണ്ട കണക്കും റിപ്പോർട്ടും സമ്മേളനങ്ങൾക്ക് മുമ്പായി വായിച്ച് അംഗീകരിക്കുക.

(vi) മേൽഘടകങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുക.

(vii) പ്രതിമാസ സമ്മേളനങ്ങളും പ്രത്യേക സമ്മേളനങ്ങളും ക്യാമ്പുകളും സെമിനാറുകളും പരിശീലനങ്ങളും ഫലപ്രദമായി നടത്തുക.

(viii) ഗ്രൂപ്പുപ്രവർത്തനങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുക.

(ix) നിയമാവലിക്കനുസൃതമായ ഇതര പ്രവർത്തനങ്ങൾ നടത്തുക.

(x) വാർഷിക വരവുചെലവ് കണക്കും റിപ്പോർട്ടും ചർച്ച ചെയ്യുക. പാസ്സാക്കിയ വരവുചെലവ് കണക്കും റിപ്പോർട്ടും ഉപരിഘടകങ്ങൾക്ക് സമർപ്പിക്കുക.

## 27. മേഖലയിലെയും മറ്റ് ഉപരിഘടകങ്ങളിലെയും വിവിധ കമ്മിറ്റികളുടെ ചുമതലകളും അധികാരങ്ങളും

### A കൗൺസിൽ

മേഖലാ രൂപതാ കൗൺസിലുകൾ വർഷത്തിൽ ഒരു പ്രാവശ്യവും സംസ്ഥാന ദേശീയ അന്തർദ്ദേശീയ കൗൺസിലുകൾ അതത് സമിതിയുടെ കാലാവധിയിൽ ഒരിക്കലെങ്കിലും സമ്മേളിച്ച് സംഘടനാ പ്രവർത്തനങ്ങളെ വിലയിരുത്തുകയും കർമ്മപരിപാടികൾ ആവിഷ് കരിക്കുകയും കീഴ്ഘടകങ്ങളിലെ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

### B മാനേജിംഗ് കമ്മിറ്റി

(i) മേഖല, രൂപത, സംസ്ഥാന, മാനേജിംഗ് കമ്മിറ്റികൾ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും സമ്മേളിച്ച് സംഘടനാപ്രവർത്തനങ്ങളെ വിലയിരുത്തുകയും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക. ദേശീയ അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റികൾ വർഷത്തിലൊരിക്കലും സമ്മേളിക്കണം.

(ii) ഉപരിഘടകങ്ങളിൽനിന്നുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയും പ്രവർത്തനങ്ങൾക്കുവേണ്ട ഐകരൂപ്യവും പ്രചോദനവും നൽകുകയും ചെയ്യുക.

(iii) ബഡ്ജറ്റ് അവതരണവും നയപ്രഖ്യാപനവും പ്രവർത്തനവർഷാരംഭത്തിൽ നടത്തുക.

(iv) കണക്കുകൾ ഓഡിറ്റുചെയ്യുകയും ഓഡിറ്റ് ചെയ്ത കണക്കുകളും റിപ്പോർട്ടും ചർച്ചചെയ്ത് അംഗീകരിക്കുകയും ചെയ്യുക.

(v) കീഴ്ഘടകങ്ങളിലെ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അവ പ്രാവർത്തികമാക്കാൻ നേതൃത്വം നൽകുകയും ചെയ്യുക.

(vi) ശാഖകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ശാഖകൾ ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുക.

(vii) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശുപാർശകൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും അംഗീകാരം നൽകുകയും ചെയ്യുക.

### C എക്സിക്യൂട്ടീവ് കമ്മിറ്റി

(i) ആവശ്യാനുസരണം സമ്മേളിച്ച് തീരുമാനങ്ങൾ എടുത്ത് പ്രാവർത്തികമാക്കുക.

(ii) പ്രവർത്തന റിപ്പോർട്ടും വരവുചെലവുകണക്കും തയ്യാറാക്കി മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുക.

(iii) മേൽഘടകങ്ങളിൽ നിന്നും കിട്ടുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയും കീഴ്ഘടകങ്ങളിൽ നിന്നും രേഖാമൂലം കിട്ടുന്ന പരാതികളും മറ്റും ചർച്ച ചെയ്ത് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

(iv) മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ട നയപ്രഖ്യാപനം, ബഡ്ജറ്റ്, റിപ്പോർട്ട് എന്നിവ തയ്യാറാക്കുക.

(v) ഇതരസമിതികളിൽ അവതരിപ്പിക്കേണ്ട കാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുക.

(vi) കലാ-കായിക സാഹിത്യമത്സരങ്ങൾ നടത്തുക.

### D സെക്രട്ടറിയേറ്റ്

അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് ചേരുക. സെക്രട്ടറിയേറ്റിന്റെ തീരുമാനങ്ങൾക്ക് അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ അംഗീകാരം നേടിയിരിക്കണം. സെക്രട്ടറിയേറ്റ് യോഗത്തിൽ ഡയറക്ടറോ പ്രസിഡന്റോ നിർബന്ധമായും ഉണ്ടായിരിക്കണം.

## 28. എല്ലാതലങ്ങളിലുമുള്ള ഭാരവാഹികളുടെ ധർമ്മങ്ങളും അവകാശങ്ങളും.

### A ഡയറക്ടർ

(i) പ്രവർത്തകർക്കും പ്രവർത്തനങ്ങൾക്കും നേതൃത്വവും പ്രോൽസാഹനവും സമയാസമയങ്ങളിൽ നൽകുക.

(ii) അംഗങ്ങളുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിന് യുക്തമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

(iii) എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് സംഘടനയുടെ ലക്ഷ്യങ്ങൾക്കും ഉപരിഘടകങ്ങളുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായി ഫണ്ട് വിനിയോഗിക്കുക.

(iv) സംഘടനാ റിക്കാർഡുകൾ (ശാഖയിൽ മാനുവൽ ബുക്കും) പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

(v) സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്നതിന് മുൻകൈയെടുക്കുകയും സമ്മേളനങ്ങളിൽ സന്നിഹിതനായി അംഗങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിക്ക് ഉപയുക്തമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും ചെയ്യുക.

(vi) സന്ദർശനവും കത്തിടപാടുകളും വഴി കീഴ്ഘടകങ്ങളിലെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ ശ്രമിക്കുക.

(vii) രൂപത, സംസ്ഥാന, ദേശീയ തലങ്ങളിൽ വൊക്കേഷൻ ബ്യൂറോയുമായി (വൊക്കേഷൻ സെന്റർ) ബന്ധപ്പെട്ട് ദൈവവിളി പ്രോത്സാഹിപ്പിക്കുക.

(viii) സ്വന്തം പ്രവർത്തനപരിധിക്കുള്ളിൽ സംഘടനാപ്രവർത്തനം കാര്യക്ഷമമാക്കുവാൻ നേതൃത്വം കൊടുക്കുക.

(ix) മിഷൻ സഹായങ്ങൾക്കുള്ള പദ്ധതികൾക്ക് രൂപം കൊടുത്ത് നടപ്പിലാക്കുവാൻ ബന്ധപ്പെട്ടവരെ പ്രോത്സാഹിപ്പിക്കുക.

(x) മിഷൻ രൂപതകളുമായി ബന്ധപ്പെട്ട് സ്ഥിതിവിവരങ്ങൾ സംഘടനാ പ്രവർത്തകരെ അറിയിക്കുക.

## B വൈസ് ഡയറക്ടർ

(i) സംഘടനാ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ ഡയറക്ടറോടൊത്ത് പരിശ്രമിക്കുക.

(ii) ഡയറക്ടറുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ എല്ലാ ചുമതലകളും നിർവ്വഹിക്കുക.

## C പ്രസിഡന്റ്

(i) സമ്മേളനങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുക.

(ii) സംഘടനാ ലക്ഷ്യനയങ്ങൾക്കും ഉപരിഘടകങ്ങളുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായി സംഘടനയെ നയിക്കുക.

(iii) റിപ്പോർട്ടും കണക്കും ഇതര റിക്കാർഡുകളും പരിശോധിച്ച് ഒപ്പുവയ്ക്കുക.

(iv) നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രമിക്കുക. ശാഖകളിൽ കൂടുതൽ ഗ്രൂപ്പുകൾ സ്ഥാപിക്കുന്നതിന് ഉത്സാഹിക്കുക.

(v) പ്രതിമാസ വരവുചെലവ് കണക്കുകളും പ്രവർത്തന റിപ്പോർട്ടും ചർച്ച ചെയ്ത് പാസാക്കുക

(vi) അത്യാവശ്യ സന്ദർഭങ്ങളിൽ ഡയറക്ടറുമായി ആലോചിച്ച് കമ്മിറ്റികൾ വിളിച്ചു കൂട്ടുക.

(vii) അംഗങ്ങളുടെ ആദ്ധ്യാത്മിക അഭിവൃദ്ധിക്ക് പ്രചോദനവും നേതൃത്വവും നൽകുക.

(viii) മറ്റ് ഭാരവാഹികളുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്യുക.

(ix) കീഴ്ഘടകങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും റിക്കാർഡുകൾ പരിശോധിച്ച് ഒപ്പ് വയ്ക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

## D വൈസ് പ്രസിഡന്റ്

(i) പ്രസിഡന്റിന്റെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുക.

(ii) പ്രസിഡന്റിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ച് സംഘടനാപ്രവർത്തനം മെച്ചപ്പെടുത്തുക.

## E ജനറൽ സെക്രട്ടറി

(i) ഡയറക്ടറുടെയും പ്രസിഡന്റിന്റെയും അറിവോടും നിർദ്ദേശമനുസരിച്ചും സമ്മേളനങ്ങൾ വിളിച്ചുകൂട്ടുക.

(ii) റിപ്പോർട്ടുകൾ, വരവുചെലവുകണക്കുകൾ, മറ്റു റിക്കാർഡുകൾ ഇവ ക്രമമായി എഴുതി സൂക്ഷിക്കുകയും ആവശ്യമായവ സമ്മേളനങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും പരിശോധനയ്ക്കായി ചുമതലപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ നൽകുകയും ചെയ്യുക.

(iii) ഉപരിഘടകങ്ങളിലേക്ക് നൽകേണ്ട റിപ്പോർട്ടും കണക്കും മറ്റ് വിവരങ്ങളും ഡയറക്ടറുടെയും പ്രസിഡന്റിന്റെയും ഒപ്പോടുകൂടി യഥാസമയം നൽകുക.

(iv) മേൽഘടകങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ യഥാസമയം സമ്മേളനങ്ങളിൽ അറിയിക്കുകയും അവ പ്രാവർത്തികമാക്കുന്നതിന് യത്നിക്കുകയും ചെയ്യുക.

(v) സംഘടനയ്ക്ക് ലഭിക്കുന്ന വരവിനങ്ങൾ രസീതുകൊടുത്ത് സ്വീകരിക്കുകയും സ്വന്തം നിലയിൽ ചെലവാക്കാവുന്ന തുക കഴിഞ്ഞ് വരുന്ന തുക ഡയറക്ടറടെയും ജനറൽ സെക്രട്ടറിയുടെയും ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുക.

(vi) സമ്മേളന തീരുമാനങ്ങൾ യഥാസമയം ബന്ധപ്പെട്ടവരെ അറിയിക്കുക.

(vii) റിക്കാർഡുകളും ഫയലുകളും സംഘടനവകയായുള്ള വസ്തുവകകളും സൂക്ഷിക്കുക.

(viii) മിഷനറിമാരും മിഷൻകേന്ദ്രങ്ങളുമായും ബന്ധപ്പെടുകയും ലഭിക്കുന്ന വിവരങ്ങൾ സമ്മേളനങ്ങളിൽ അറിയിക്കുകയും ചെയ്യുക.

(ix) കീഴ്ഘടകങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കും റിക്കാർഡുകളും പരിശോധിച്ച് ഒപ്പുവയ്ക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

(x) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംഘടനയുടെ ഫണ്ട് കൈകാര്യം ചെയ്യുക.

(xi) പ്രവർത്തനറിപ്പോർട്ടും കണക്കും ബുള്ളറ്റിനും ഇതര സ്ഥിതിവിവരങ്ങളും ആവശ്യാനുസരണം പ്രസിദ്ധീകരിക്കുക.

(xii) കീഴ്ഘടകങ്ങളിൽ നിന്ന്, മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന വാർഷികഫീസ് ശേഖരിക്കുക.

(xiii) സംഘടനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുക.

**F ജോയിന്റ് സെക്രട്ടറി**

(i) ജനറൽസെക്രട്ടറിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ എല്ലാ ചുമതലകളും വേണ്ടവിധം നിർവ്വഹിക്കുക.

(ii) സംഘടനാ പ്രവർത്തനങ്ങളിൽ വേണ്ട സഹായസഹകരണങ്ങൾ ജനറൽസെക്രട്ടറിക്ക് ചെയ്തു കൊടുക്കുക.

## G ജനറൽ ഓർഗനൈസർ

(i) സംഘടനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ ശാഖകൾ സ്ഥാപിക്കുകയും ചെയ്യുക.

(ii) കീഴ്ഘടകങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

(iii) കീഴ്ഘടകങ്ങളിലെ ഓർഗനൈസർമാർക്ക് മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകുക.

(iv) കീഴ്ഘടകങ്ങളിലെ വാർഷികറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും യഥാസമയം ശേഖരിച്ച് കമ്മിറ്റികളിൽ അവതരിപ്പിക്കുക.

(v) മേൽഘടകങ്ങളുടെ നിർദ്ദേശങ്ങളനുസരിച്ച് സംഘടനാപ്രവർത്തനം നടത്തുക.

(vi) മറ്റ് ഭാരവാഹികളുമായി സഹകരിച്ച് പ്രവർത്തിക്കുകയും സംഘടനയിൽ കൂട്ടായ്മ നിലനിർത്തുകയും ചെയ്യുക.

(vii) വാർഷിക പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി ചർച്ച ചെയ്ത് അവതരിപ്പിക്കുക.

## H റീജിയണൽ ഓർഗനൈസേഴ്സ്

(i) മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന റീജിയണിലെ സംഘടനാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ശാഖകൾ ഇല്ലാത്തിടത്ത് സ്ഥാപിക്കുകയും ചെയ്യുക.

(ii) റീജിയണിലെ പ്രവർത്തകർക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ നേതൃത്വവും പ്രോത്സാഹനവും നൽകുക.

(iii) പ്രവർത്തനറിപ്പോർട്ടുകൾ, ജനറൽ ഓർഗനൈസർ വഴി എക്സിക്യൂട്ടീവ് സമിതിക്കും സമ്മേളനങ്ങൾക്കും യഥാസമയം നൽകുക.

(iv) ജനറൽ ഓർഗനൈസറോട് സഹകരിച്ച് സംഘടനാ പ്രവർത്തനങ്ങൾ നടത്തുക.

# മൂന്നാം ഭാഗം

# ഭാരവാഹികളും തെരഞ്ഞെടുപ്പും

## 29. ഡയറക്ടർമാർ

(i) **ശാഖ:**

(a) ഇടവക : ഇടവക വികാരി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന വൈദികൻ.

(b) സ്ഥാപനം : സ്ഥാപനാധികാരി അല്ലെങ്കിൽ അദ്ദേഹം നിശ്ചയിക്കുന്ന വ്യക്തി.

(ii) **മേഖല**

മേഖലയിൽ ഉൾപ്പെട്ട ശാഖാ ഡയറക്ടർമാരിൽനിന്നും രൂപതാദ്ധ്യക്ഷൻ നിയമിക്കുന്ന വൈദികൻ.

(iii) **രൂപത**

രൂപതാദ്ധ്യക്ഷൻ നിയമിക്കുന്ന വൈദികൻ.

(iv) **സംസ്ഥാനം**

(a) കേരളം : സംസ്ഥാനത്ത് സംഘടന പ്രവർത്തിക്കുന്ന രൂപതകളിലെ രൂപതാ ഡയറക്ടർമാരിൽ നിന്നും കെ.സി.ബി.സി നിയമിക്കുന്ന വൈദികൻ.

(b) ഇതര സംസ്ഥാനങ്ങൾ : സംസ്ഥാനത്ത് സംഘടന പ്രവർത്തിക്കുന്ന രൂപതകളിലെ രൂപതാ ഡയറക്ടർമാരിൽ നിന്നും രക്ഷാധികാരി നിയമിക്കുന്ന വൈദികൻ.

(v) **ദേശീയം**

ദേശീയ മാനേജിംഗ് കമ്മിറ്റി സമർപ്പിക്കുന്ന മൂന്നു വൈദികരുടെ പാനലിൽ നിന്നും രക്ഷാധികാരി നിയമിക്കുന്ന വൈദികൻ.

(vi) **അന്തർദ്ദേശീയം**

അന്തർദേശീയ മാനേജിംഗ് കമ്മിറ്റി സമർപ്പിക്കുന്ന 3 വൈദികരുടെ പാനലിൽ നിന്നും സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെ അനുവാദത്തോടെ വൊക്കേഷൻ കമ്മീഷൻ ചെയർമാൻ നിയമിക്കുന്ന വൈദികൻ.

## 30. വൈസ് ഡയറക്ടർമാർ

### (i) ശാഖ

കോൺവെന്റുകൾ ഉള്ള സ്ഥലങ്ങളിൽ അവയുടെ അധികാരികൾ നിശ്ചയിക്കുകയും ഇടവക വികാരി അംഗീകരിക്കുകയും ചെയ്യുന്ന ഒരു കന്യാസ്ത്രീ. മറ്റിടങ്ങളിൽ ഇടവക വികാരി നിശ്ചയിക്കുന്ന ഒരു വ്യക്തി.

### (ii) മേഖല

മേഖലയിൽ ഉൾപ്പെട്ട ശാഖാ വൈസ് ഡയറക്ടർമാരിൽനിന്നും മേഖലാ രക്ഷാധികാരി മേഖലാ ഡയറക്ടറുമായി കൂടിയാലോചിച്ച് നിയമിക്കുകയോ, മേഖലാ തെരഞ്ഞെടുപ്പുസമിതി തെരഞ്ഞെടുക്കുകയോ ചെയ്യുന്ന ഒരു കന്യാസ്ത്രീ.

### (iii) രൂപത

രൂപതാദ്ധ്യക്ഷൻ ഡയറക്ടറുമായി ആലോചിച്ച് നിയമിക്കുന്ന ഒരു കന്യാസ്ത്രീ.

### (iv) സംസ്ഥാനം

സംസ്ഥാന തെരഞ്ഞെടുപ്പുസമിതിയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദികൻ, ഒരു കന്യാസ്ത്രീ.

### (v) ദേശീയം

ദേശീയ തെരഞ്ഞെടുപ്പുസമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 2 വൈദികർ, ഒരു കന്യാസ്ത്രീ.

### (vi) അന്തർദ്ദേശീയം

അന്തർദേശീയ സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 3 വൈദികരും 2 കന്യാസ്ത്രീകളും.

## 31. മറ്റു ഭാരവാഹികൾ

ഈ സംഘടനയുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജനറൽ ഓർഗനൈസർ, റീജിയണൽ ഓർഗനൈസർമാർ, ഉപരിഘടക പ്രതിനിധികൾ എന്നിവരെ അതത് തലത്തിലെ തെരഞ്ഞെടുപ്പുസമിതിയിൽ നിന്ന് സമിതി അംഗങ്ങൾ തെരഞ്ഞെടുക്കുന്നു. ഈ ഔദ്യോഗിക സ്ഥാനങ്ങൾ അൽമായർ തന്നെ വഹിക്കേണ്ടതാണ്. വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി എന്നീ സ്ഥാനങ്ങളിലേക്ക് വനിതകളെ തെരഞ്ഞെടുക്കേണ്ടതാണ്.

## 32. ഓഡിറ്റർമാരുടെ തെരഞ്ഞെടുപ്പ്

ശാഖ ഒഴികെയുള്ള തലങ്ങളിൽ പരമാവധി മൂന്ന് ഓഡിറ്റർമാരെ അതത് തലങ്ങളിലെ തെരഞ്ഞെടുപ്പുസമിതികളിൽ നിന്നും സമിതി അംഗങ്ങൾ തെരഞ്ഞെടുക്കുന്നു. ഓഡിറ്റർമാർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗത്വമുണ്ടായിരിക്കുന്നതല്ല. തെരഞ്ഞെടുപ്പുസമിതിയിലെ അംഗത്വം നഷ്ടമായാൽ ഓഡിറ്റർ സ്ഥാനവും അതിനാൽ തന്നെ നഷ്ടമാകുന്നതാണ്.

## 33. കാലാവധി

തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെയും കമ്മിറ്റികളുടെയും കാലാവധി ശാഖയിൽ ഒരു വർഷവും മേഖലയിൽ രണ്ടു വർഷവും രൂപതയിലും സംസ്ഥാനത്തിലും മൂന്നുവർഷവും ദേശീയ അന്തർ ദേശീയതലങ്ങളിൽ നാലു വർഷവും ആയിരിക്കും

## 34. നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി

ഏത് സമിതിയിലേക്കാണോ നോമിനേറ്റ് ചെയ്യപ്പെടുന്നത് ആ സമിതിയുടെ കാലാവധി അവസാനിക്കുന്നതോടെ നോമിനേറ്റ് ചെയ്യപ്പെട്ട എല്ലാ അംഗങ്ങളുടെയും കാലാവധി അവസാനിക്കും. ഭാരവാഹികളുടെ തെരഞ്ഞെടുപ്പുസമിതിയിൽ ഒന്നിലും നോമിനേറ്റ് ചെയ്യപ്പെട്ടവർക്ക് അംഗത്വമുണ്ടായിരിക്കുന്നതല്ല.

## 35. പ്രവർത്തന വർഷം

ജൂൺ 1 മുതൽ മെയ് 31 വരെയായിരിക്കും

## 36. തെരഞ്ഞെടുപ്പു സമിതികൾ

(i) **ശാഖ:** നിലവിലുള്ള ശാഖാ മാനേജിംഗ് കമ്മിറ്റി.

(ii) **മേഖല:** നിലവിലുള്ള മേഖലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ശാഖാ ഭാരവാഹികളും മേഖലയിൽനിന്നുള്ള ഉപരിഘടങ്ങളിലെ ഭാരവാഹികളും പ്രതിനിധികളും ഉൾപ്പെടുന്നു.

(iii) **രൂപത :**നിലവിലുള്ള രൂപതാ ഭാരവാഹികളും പ്രതിനിധികളും, മേഖലാ ഭാരവാഹികളും രൂപതയിൽനിന്നുള്ള ഉപരിഘടകങ്ങളിലെ ഭാരവാഹികളും പ്രതിനിധികളും.

(iv) **സംസ്ഥാനം :** നിലവിലുള്ള സംസ്ഥാന ഭാരവാഹികളും പ്രതി നിധികളും, രൂപതാ ഭാരവാഹികളും സംസ്ഥാന മാനേജിംഗ്ക മ്മിറ്റി പ്രതിനിധികളും സംസ്ഥാനത്തുനിന്നുള്ള ഉപരിഘടകങ്ങ ളിലെ ഭാരവാഹികളും പ്രതിനിധികളും.

(v) **ദേശീയം**: നിലവിലുള്ള ദേശീയ ഭാരവാഹികളും പ്രതിനിധികളും, സംസ്ഥാന ഭാരവാഹികളും ദേശീയ മാനേജിംഗ് കമ്മിറ്റി പ്രതി നിധികളും അതത് രാജ്യത്തുനിന്നുള്ള ഉപരിഘടകത്തിലെ ഭാരവാഹികളും പ്രതിനിധികളും.

(vi) **അന്തർദ്ദേശീയം:** നിലവിലുള്ള അന്തർദ്ദേശീയ ഭാരവാഹികളും തെരഞ്ഞെടുക്കപ്പെട്ട 7 എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും, ദേശീയ ഭാരവാഹികളും അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റി പ്രതി നിധികളും.

## 37. പ്രിസൈഡിംഗ് ഓഫീസർ

എല്ലാതലങ്ങളിലും ഒരു പ്രിസൈഡിംഗ് ഓഫീസറുടെ ചുമതല യിലും മേൽനോട്ടത്തിലുമാണ് തെരഞ്ഞെടുപ്പ് നടത്തുക.

(i) **ശാഖ:** ശാഖാ ഡയറക്ടറോ അദ്ദേഹം നിശ്ചയിക്കുന്ന വ്യക്തിയോ ആയിരിക്കണം.

(ii) **മേഖല:** രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന വ്യക്തി

(iii) **രൂപത:** സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന വ്യക്തി

(iv) **സംസ്ഥാനം:** ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന വ്യക്തി

(v) **ദേശീയം**: അന്തർദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ചയിക്കുന്ന വ്യക്തി

(vi) **അന്തർദേശീയം**: അന്തർദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി നിശ്ച യിക്കുന്ന വ്യക്തി.

## 38. തെരഞ്ഞെടുപ്പ് ചട്ടങ്ങൾ

(i) എല്ലാ തലങ്ങളിലും തെരഞ്ഞെടുപ്പ് സമിതിയിലെ അംഗങ്ങളിൽ നിന്നാണ് പുതിയ ഭാരവാഹികളെയും ഓഡിറ്റർമാരെയും ഉപരിഘടകങ്ങളിലേക്കുള്ള പ്രതിനിധികളെയും തെരഞ്ഞെടു ക്കേണ്ടത്.

(ii) എല്ലാ തലങ്ങളിലും നിലവിലുള്ള സമിതികളുടെയും ഭാരവാഹികളുടെയും, കാലാവധി അവസാനിക്കുന്നതിനു മുമ്പായി ഭാരവാഹികളെയും ഓഡിറ്റർമാരെയും ഉപരിഘടകങ്ങളിലേക്കുള്ള പ്രതിനിധികളെയും തെരഞ്ഞെടുക്കേണ്ടതാണ്.

(iii) തെരഞ്ഞെടുപ്പ് കഴിയുന്നതോടെ വീണ്ടും തെരഞ്ഞെടുക്കപ്പെടാത്ത ഭാരവാഹികളുടെ കീഴ്ഘടകങ്ങളിലെ അധികാരങ്ങളും അവകാശങ്ങളും പ്രാതിനിധ്യവും അവസാനിക്കുന്നതാണ്.

(iv) തെരഞ്ഞെടുപ്പ് നടക്കുന്നതിന് 15 ദിവസം മുമ്പ് ശാഖാ മേഖലാ തലങ്ങളിലും 30 ദിവസം മുമ്പ് രൂപതാ സംസ്ഥാന ദേശീയ തലങ്ങളിലും 45 ദിവസം മുമ്പ് അന്തർദേശീയ തലത്തിലും വോട്ടേഴ്സ്ലിസ്റ്റും തെരഞ്ഞെടുപ്പ് വിജ്ഞാപനവും നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിക്കുവേണ്ടി അതത് ജനറൽ സെക്രട്ടറിമാർ ഓഫീസുകളിൽ പ്രസിദ്ധീകരിക്കുകയും അംഗങ്ങളെയും ഉപരിഘടകങ്ങളെയും രേഖാമൂലം അറിയിക്കുകയും ചെയ്യണം.

(v) വോട്ടേഴ്സ് ലിസ്റ്റിനെക്കുറിച്ചുള്ള പരാതികൾ ശാഖാ മേഖലാ തലങ്ങളിൽ 7 ദിവസവും മറ്റ് ഘടകങ്ങളിൽ 15 ദിവസവും മുമ്പെങ്കിലും പ്രിസൈഡിംഗ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതാണ്. പ്രിസൈഡിംഗ് ഓഫീസർ ഇതുസംബന്ധിച്ച് നൽകുന്ന റൂളിംഗ് അന്തിമമായിരിക്കും.

(vi) **കോറം** : തെരഞ്ഞെടുപ്പുയോഗങ്ങൾക്ക് അതത് തലങ്ങളിലെ തെരഞ്ഞെടുപ്പുസമിതിയുടെ മൂന്നിലൊന്ന് ഭാഗം.

(vii) **തെരഞ്ഞെടുപ്പ് പരാതികൾ** : എല്ലാ തെരഞ്ഞെടുപ്പ് പരാതികളും തെരഞ്ഞെടുപ്പ് കഴിഞ്ഞ് 15 ദിവസത്തിനകം പ്രിസൈഡിംഗ് ഓഫീസറെ നിയമിച്ച സമിതിയുടെ ഡയറക്ടർക്ക് രേഖാമൂലം നൽകേണ്ടതും, ഡയറക്ടർ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച് ആവശ്യമായ അന്വേഷണങ്ങൾക്ക് ശേഷം 45 ദിവസത്തിനകം തീരുമാനം ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്. ഈ തീരുമാനം അന്തിമമായിരിക്കും.

## 39. അയോഗ്യത

(i) യാതൊരാൾക്കും ഒരേസ്ഥാനത്തേക്ക് തുടർച്ചയായി ഒരു പ്രാവശ്യത്തിൽ കൂടുതൽ തെരഞ്ഞെടുക്കപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിലവിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പകുതി കാലാവധിക്കു ശേഷം ഇടക്കാല തെരഞ്ഞെടുപ്പിലൂടെ ഭാരവാഹിത്വം ലഭിച്ചവർക്ക് ഈ നിയമം ബാധകമാവുകയില്ല.

(ii) കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പായി സ്ഥാനം രാജിവയ്ക്കുന്നവർക്ക് അടുത്ത തെരഞ്ഞെടുപ്പിൽ അതേ സ്ഥാനത്തേക്ക് മത്സരിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(iii) വാർഷികഫീസ്, വാർഷിക റിപ്പോർട്ട്, കേന്ദ്രവിഹിതം എന്നിവ കുടിശിക വരുത്തിയിട്ടുള്ള ഘടകങ്ങൾക്ക് ഉപരിഘടകങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിലും കലാസാഹിത്യ-കായിക മത്സരങ്ങളിലും പങ്കെടുക്കാൻ അർഹതയും അവകാശവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ കുടിശിക തീർത്തുകഴിഞ്ഞാൽ തുടർന്നുള്ള തെരഞ്ഞെടുപ്പുകളിലും മത്സരങ്ങളിലും പങ്കെടുക്കാം.

(iv) കുടിശിക വിവരം ഓരോ തലത്തിലുമുള്ള ജനറൽ സെക്രട്ടറിമാർ ബന്ധപ്പെട്ടവരെ മുൻകൂട്ടി അറിയിച്ചിരിക്കണം.

(v) എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്ക് തങ്ങൾ തെരഞ്ഞെടുക്കപ്പെട്ട സമിതികളിൽ നടത്തിയ ഔദ്യോഗിക പരിപാടികളിൽ 65% ഹാജരില്ലെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

## 40. തെരഞ്ഞെടുപ്പ് രീതി

നിയമാനുസരണം വിളിച്ചുകൂട്ടുന്ന തെരഞ്ഞെടുപ്പ് സമ്മേളനത്തിൽ രേഖാമൂലമോ വാക്കാലോ ഉള്ള പിന്തുണയോടുകൂടി നാമനിർദ്ദേശം സ്വീകരിക്കേണ്ടതും ഒരേ സ്ഥാനത്തേക്ക് ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടായാൽ, രഹസ്യബാലറ്റ് സമ്പ്രദായമനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തേണ്ടതും കേവലഭൂരിപക്ഷം കിട്ടുന്ന ആൾ തെരഞ്ഞെടുക്കപ്പെട്ടതായി പ്രിസൈഡിംഗ് ഓഫീസർ പ്രഖ്യാപിക്കേണ്ടതുമാണ്. തെരഞ്ഞെടുപ്പിൽ തുല്യ വോട്ടുകൾ വരുന്ന സാഹചര്യത്തിൽ നറുക്കെടുപ്പിലൂടെ പ്രിസൈഡിംഗ് ഓഫീസർ വിജയിയെ നിശ്ചയിക്കേണ്ടതാണ്. സ്ഥാനാർത്ഥികൾക്ക് സമ്മതമില്ലെങ്കിൽ വോട്ടെടുപ്പിനു മുമ്പ് പിന്മാറാവുന്നതാണ്. പ്രിസൈഡിംഗ് ഓഫീസർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

ഉപരിഘടകങ്ങളിലെ ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കീഴ്ഘടകങ്ങളിലെ ഭാരവാഹികൾ, പ്രവർത്തന സൗകര്യത്തെ പരിഗണിച്ച് കഴിയുന്നിടത്തോളം ഒരു സ്ഥാനം മാത്രം വഹിക്കുന്നതാണ് ഉചിതം.

## 41. അധികാരകൈമാറ്റം

തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു മാസത്തിനകം സംയുക്ത എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് അധികാരകൈമാറ്റം നടത്തണം. അധികാരകൈമാറ്റം വരെ നിലവിലുള്ള ഭാരവാഹികൾ, പ്രവർത്തന സ്തംഭനമുണ്ടാകാതെയിരിക്കാൻ നിലവിലുള്ള തീരുമാനങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

## 42. രാജി

(i) ഭാരവാഹികളിൽ ആരെങ്കിലും രാജിവയ്ക്കുകയാണെങ്കിൽ രാജിക്കത്ത് ഡയറക്ടർക്ക് സമർപ്പിക്കണം. ഡയറക്ടർ എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ചുകൂട്ടി രാജിക്കാര്യം ചർച്ച ചെയ്ത്, അനിവാര്യമെങ്കിൽ രാജി സ്വീകരിക്കണം.

(ii) രാജിക്കത്തു കിട്ടി 45 ദിവസത്തിനകം അവസാന തീരുമാനം കൈക്കൊള്ളണം.

(iii) രാജി ഡയറക്ടറുടെയാണെങ്കിൽ അതത് തലത്തിലുള്ള രക്ഷാധികാരിക്കാണ് രാജിക്കത്ത് സമർപ്പിക്കേണ്ടത്. രക്ഷാധികാരിക്ക് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 43. ഔദ്യോഗിക സ്ഥാനങ്ങളിലെ ഒഴിവ്

രാജിമൂലമോ മറ്റു കാരണങ്ങളാലോ ഔദ്യോഗിക സ്ഥാനങ്ങളിൽ ഏതെങ്കിലും ഒഴിവുണ്ടാവുകയാണെങ്കിൽ അതത് തെരഞ്ഞെടുപ്പു സമിതിയിൽ നിന്നും ഒരാളെ ആ സ്ഥാനത്തേക്ക് താൽക്കാലികമായി എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നിയമിക്കാവുന്നതാണ്. എന്നാൽ 2 മാസത്തിനകം ശാഖയിലും 6 മാസത്തിനകം ഉപരിഘടകങ്ങളിലും തെരഞ്ഞെടുപ്പ് നടത്തി ഒഴിവു നികത്തേണ്ടതാണ്. ഉപരിഘടക പ്രതിനിധികളുടെയാണ് ഒഴിവെങ്കിൽ യോജിച്ച ഒരാളെ തെരഞ്ഞെടുപ്പു സമിതിയിൽ നിന്നും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നിയമിക്കാം. ഇതിന് അടുത്ത മാനേജിംഗ് കമ്മിറ്റിയിൽ അംഗീകാരം നേടേണ്ടതാണ്.

## 44. തർക്കങ്ങളും പരാതികളും സംബന്ധിച്ച് മെത്രാൻ സമിതി നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമം

ഈ സംഘടനയിലെ ഒരംഗമോ അംഗങ്ങളോ ഒരു മുൻ അംഗമോ അംഗങ്ങളോ ഈ സംഘടനയുമായോ, ഇതിലെ ഔദ്യോഗിക ഭാരവാഹികളുമായോ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായോ

(i) നിയമത്തിന്റെ മനഃപൂർവ്വമായ ലംഘനം സംബന്ധിച്ചോ

(ii) ഒരംഗത്തെയോ അംഗങ്ങളെയോ സംഘടനയിൽ നിന്നും പുറത്താക്കിയതിനെ സംബന്ധിച്ചോ

(iii) മറ്റ് ഏതെങ്കിലും വിധത്തിലുള്ളതോ ആയ തർക്കങ്ങളുണ്ടാകുകയും പ്രസ്തുത തർക്കം ഈ നിയമാവലിക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നപക്ഷം, താഴെ പ്രതിപാദിക്കുന്നവിധം എല്ലാ തർക്കവിഷയങ്ങളും കഴിവതും വേഗം മദ്ധ്യസ്ഥ തീരുമാനത്തിലൂടെ പരിഹരിക്കേണ്ടതാണ്. തർക്കകക്ഷികൾ ഓരോ മദ്ധ്യസ്ഥന്മാരെയും മദ്ധ്യസ്ഥന്മാർ ഒരു അംബയറെയും നിയമിക്കേണ്ടതാണ്. ഈ സംഘടനയിലെ അംഗങ്ങളെ മാത്രമേ മദ്ധ്യസ്ഥന്മാരായി നിയമിക്കാവൂ. ഹയരാർക്കിയിലെ അംഗമോ, മെത്രാൻ സമിതി നിയമിക്കുന്ന വ്യക്തിയോ മാത്രമേ അംബയർ ആയി നിയമിക്കപ്പെടാൻ പാടുള്ളൂ.

(iv) മദ്ധ്യസ്ഥ തീരുമാനമോ, മദ്ധ്യസ്ഥന്മാർക്കു തീരുമാനത്തിലെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ അംബയർ എടുക്കുന്ന തീരുമാനമോ അന്തിമവും തർക്കകക്ഷികളെ ഒരുപോലെ ബാധിക്കുന്നതും അവർ അതു സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്. ഇപ്രകാരം തർക്കവിഷയങ്ങളെ സംബന്ധിച്ചുള്ള അന്തിമതീരുമാനം ഉണ്ടാകുന്നതുവരെ, വിഷയത്തെ സംബന്ധിച്ച് മുമ്പുണ്ടായിരുന്ന സ്ഥിതി തന്നെ തുടരേണ്ടതാണ്.

(v) ഈ സംഘടനയും ഇതര കത്തോലിക്കാ സംഘടനകളും തമ്മിൽ തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത തർക്കങ്ങൾ നേരിട്ടു പരിഹരിക്കാൻ സാധിക്കാതെ വരുന്നപക്ഷം തർക്കവിഷയം മദ്ധ്യസ്ഥ തീരുമാനത്തിനു വിടേണ്ടതും കഴിവതും വേഗം തീരുമാനത്തിൽ എത്തിച്ചേരേണ്ടതുമാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ ഓരോ കക്ഷിയും ഓരോ മധ്യസ്ഥനെയും മെത്രാൻ സമിതി ഒരു അംബയറെയും നിയമിക്കണം. തർക്കങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന സംഘടനകളുടെ ദേശീയ അന്തർദ്ദേശീയ സമിതി അംഗങ്ങളിൽ ഒരാളെ മാത്രമേ മധ്യസ്ഥനായി നിയമിക്കാൻ പാടുള്ളൂ. മധ്യസ്ഥന്മാർക്ക് ഒരു തീരുമാനം എടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അംബയർ എടുക്കുന്ന തീരുമാനം അന്തിമവും കക്ഷികളെ ഒരുപോലെ ബാധിക്കുന്നതുമാണ്.

## 45. ഭേദഗതികൾ

(i) ആവശ്യമെങ്കിൽ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും നിലവിലുള്ള നിയമങ്ങൾക്ക് ഭേദഗതികൾ വരുത്തുന്നതിനും അന്തർദേശീയ മാനേജിംഗ് കമ്മിറ്റിക്ക് അധികാരവും അവകാശവുമുണ്ട്.

(ii) രൂപതാ മാനേജിംഗ് കമ്മിറ്റികൾ, ഭേദഗതികൾക്കും കൂടുതൽ നിയമങ്ങൾക്കും വേണ്ടിയുള്ള അപേക്ഷ സംസ്ഥാന മാനേജിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ആയത് സംസ്ഥാന മാനേജിംഗ് കമ്മിറ്റി ദേശീയ മാനേജിംഗ് കമ്മിറ്റി വഴി അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സംസ്ഥാന ദേശീയ സമിതികളുടെ നിർദ്ദേശങ്ങളും ശുപാർശകളും സഹിതം സമർപ്പിക്കേണ്ടതാണ്.

(iii) നിയമഭേദഗതികൾക്കായി വിളിച്ചുകൂട്ടിയ സമ്മേളനത്തിന്റെ അംഗസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗത്തിന്റെ അംഗീകാരത്തോടെ ഈ നിയമങ്ങൾക്ക് ഭേദഗതി വരുത്താവുന്നതാണ്. ഭേദഗതിക്ക് രക്ഷാധികാരിയുടെയും വൊക്കേഷൻ കമ്മീഷന്റെയും അംഗീകാരം സിദ്ധിച്ചിരിക്കണം.

# നാലാം ഭാഗം

# ഫണ്ടുശേഖരണവും വിനിമയവും

## 46. ഫണ്ടുശേഖരണം

(i) സംഘടനയുടെ എല്ലാ തലങ്ങളിലെയും ഫണ്ട്, അതത് തലങ്ങളിലെ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണ് ശേഖരിക്കേണ്ടത്.

(ii) ഫണ്ടുശേഖരണത്തിന് കൃത്യമായി രസീത് കൊടുത്തിരിക്കണം.

(iii) വരവുചെലവ് കണക്കുകൾ അംഗീകൃത നാൾവഴിയിൽ എഴുതി പ്രതിമാസ സമ്മേളനങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം നേടണം.

(iv) ശാഖാ നാൾവഴി രൂപതാ സമിതി പ്രതിവർഷം ഓഡിറ്റു ചെയ്യേണ്ടതാണ്. മറ്റുതലങ്ങളിലെ നാൾവഴി അതത് മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഓഡിറ്റർമാരെക്കൊണ്ട് പ്രതിവർഷം ഓഡിറ്റു ചെയ്യിക്കേണ്ടതാണ്.

(v) ഓഡിറ്റ് ചെയ്ത കണക്കുകളായിരിക്കണം വാർഷിക മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതും രക്ഷാധികാരിക്ക് സമർപ്പിക്കേണ്ടതും.

(vi) രസീത്, ബില്ല്, വൗച്ചർ ഇവ എല്ലാ തലത്തിലും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 47. ഫണ്ട് വിനിമയം

(i) ശാഖാതലത്തിൽ ശേഖരിക്കപ്പെടുന്ന ഫണ്ടിന്റെ 50 ശതമാനമെങ്കിലും ദൈവവിളി പ്രോത്സാഹനത്തിനും, മിഷൻ കേന്ദ്രങ്ങളിലെയും മിഷൻഗ്രാമങ്ങളിലെയും പ്രവർത്തനങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

(ii) ഇടവകയിലെ ജീവകാരുണ്യ പ്രവർത്തനങ്ങൾ, സംഘടനാ കാര്യങ്ങൾ, മേഖല, രൂപത, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിലെ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി ബാക്കി 50-ശതമാനവും ചെലവഴിക്കേണ്ടതാണ്.

(iii) മേഖല, രൂപത, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ അതത് മാനേജിംഗ് കമ്മിറ്റികൾ നിശ്ചയിക്കുന്ന വാർഷിക ഫീസും മറ്റുവിഹിതങ്ങളും പ്രവർത്തനവർഷത്തിൽത്തന്നെ അതത് കേന്ദ്രങ്ങളിലേക്ക് ഓരോ കീഴ്ഘടകവും നൽകേണ്ടതാണ്.

(iv) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വേണ്ടിവരുന്ന പക്ഷം കൃത്യമായ ലക്ഷ്യം വ്യക്തമാക്കിക്കൊണ്ട് പ്രത്യേക പിരിവുകൾ നടത്താവുന്നതും, ലഭിക്കുന്ന തുക പ്രസ്തുത കാര്യത്തിന് മാത്രമായി വിനിയോഗിക്കേണ്ടതുമാണ്.

(v) സാമ്പത്തികസഹായം നൽകുന്നതിന് മിഷൻ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുമ്പോൾ, രൂപതാ കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിരിക്കണം.

(vi) മേഖലാതലത്തിലുള്ള വിവിധ പ്രവർത്തനങ്ങൾക്കായി മേഖലാ കമ്മിറ്റി തീരുമാനിക്കുന്നതും ശാഖകൾ നൽകുന്നതുമായ വാർഷിക ഫീസിനു പുറമെ, കൂടുതൽ തുക വേണ്ടിവരുന്ന പക്ഷം മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഉചിതമായ മാർഗ്ഗങ്ങളിലൂടെ ഫണ്ട് ശേഖരിക്കാവുന്നതാണ്. രൂപതയിലെ എല്ലാ മേഖലകളും ശാഖകളിൽ നിന്ന് ഈടാക്കുന്ന വാർഷികഫീസ് തുല്യമായിരിക്കേണ്ടതാണ്.

(vii) രൂപതാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കായി മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തോടെ വാർഷികഫീസും ശാഖാ വരുമാനത്തിന്റെ ഒരു ക്ലിപ്ത ശതമാനവും ഇതരസംഭാവനകളും സ്വീകരിച്ച് വിനിയോഗിക്കാവുന്നതാണ്.

(viii) സംസ്ഥാന മാനേജിംഗ് കമ്മിറ്റിയുടെ നിശ്ചയപ്രകാരം പ്രതിവർഷം ശാഖകൾ നൽകേണ്ട ഫീസായി രൂപതാകേന്ദ്രങ്ങൾ വഴി ശേഖരിക്കുന്ന തുകയാണ് സംസ്ഥാനതല പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്. മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംഭാവനകളും മറ്റും വഴി കൂടുതൽ ഫണ്ട് പ്രവർത്തനങ്ങൾക്കായി ശേഖരിക്കാവുന്നതാണ്.

(ix) ദേശീയ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രതിവർഷം ശാഖകളിൽനിന്ന് രൂപതാ സംസ്ഥാന സമിതികൾ വഴി ഫീസായി ശേഖരിക്കുന്ന തുകയാണ് ദേശീയതല പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്. മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംഭാവനകളും മറ്റും വഴി കൂടുതൽ തുക പ്രവർത്തനങ്ങൾക്കായി ശേഖരിച്ച് വിനിയോഗിക്കാവുന്നതാണ്.

(x) അന്തർദ്ദേശീയ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രതിവർഷം ശാഖകളിൽനിന്ന് രൂപതാ സംസ്ഥാന ദേശീയ സമിതികൾ വഴി ഫീസായി ശേഖരിക്കുന്ന തുകയാണ് അന്തർദ്ദേശീയതല പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്. മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സംഭാവനകളും മറ്റും വഴി കൂടുതൽ തുക പ്രവർത്തനങ്ങൾക്കായി ശേഖരിച്ച് വിനിയോഗിക്കാവുന്നതാണ്.

(xi) ശാഖ, മേഖല, രൂപത, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിൽ ശേഖരിക്കപ്പെടുന്ന ഫണ്ട് അതത് തലങ്ങളിലുള്ള ഡയറക്ടറുടെയും ജനറൽ സെക്രട്ടറിയുടെയും പേരിൽ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

(xii) ശാഖ, മേഖലാ ഫണ്ടിൽ 3,000 രൂപയിൽ അധികംവരുന്ന തുക ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്.

(xiii) രൂപതാ ഡയറക്ടർക്കും ജനറൽ സെക്രട്ടറിക്കും 5000 രൂപ വീതവും സംസ്ഥാന ഡയറക്ടർക്കും ജനറൽ സെക്രട്ടറിക്കും 10,000 രൂപ വീതവും ദേശീയ, അന്തർദ്ദേശീയ ഡയറക്ടർക്കും ജനറൽ സെക്രട്ടറിക്കും 20,000 രൂപ വീതവും സ്വന്തം നിലയിൽ ചെലവഴിക്കാവുന്നതാണ്.എന്നാൽ പ്രസ്തുത ചെലവുകൾക്ക് അതത് തലങ്ങളിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തന്നെ നേടിയിരിക്കണം.

## 48. ശമ്പളവും അലവൻസും

വിവിധതലങ്ങളിൽ സംഘടനാ പ്രവർത്തനങ്ങൾക്ക് ഫുൾടൈമോ, പാർട്ട്ടൈമോ ആയി നിയമിക്കപ്പെടുന്നവർക്ക് അതത് തലത്തിലുള്ള മാനേജിംഗ് കമ്മിറ്റി ശമ്പളമോ അലവൻസോ നിശ്ചയിച്ചു കൊടുക്കാവുന്നതാണ്.

# അഞ്ചാം ഭാഗം

# ഉപരിനിയമങ്ങൾ

## 49. പൊതുനിയമങ്ങൾ

(i) ഭക്തസംഘടനകൾ സംബന്ധിച്ച് തിരുസഭയിലെ പൊതുനിയമങ്ങളും രൂപതകളിൽ അതത് കാലങ്ങളിൽ നിലവിലുള്ള പ്രത്യേക നിയമങ്ങളും ഈ സംഘടനയും പൂർണ്ണമായി പാലിക്കേണ്ടതാണ്.

(ii) ഭക്തസംഘടനകൾ സർവ്വസാധാരണമായി സ്വീകരിച്ചു വരുന്ന ഭക്താഭ്യാസങ്ങൾ അനുഷ്ഠിച്ച്, അംഗങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിക്ക് ഉതകത്തക്കവിധം സ്ഥലകാല സാഹചര്യങ്ങൾ അനുസരിച്ച് പ്രവർത്തന പരിപാടികൾ ആവശ്യമെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുമായി ആലോചിച്ച്, ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഡയറക്ടർക്ക് അധികാരവും അവകാശവും ഉണ്ട്.

## 50. പ്രത്യേക നിയമങ്ങൾ

(i) നിയമാവലിയുടെ പരിധിയിൽ വിശദീകരിക്കാൻ ആകാത്തതും പരിഹരിക്കാൻ ആവാത്തതുമായ എല്ലാക്കാര്യങ്ങളിലും ആധികാരികമായി തീരുമാനം കൈക്കൊള്ളേണ്ടത് അന്തർദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി ആയിരിക്കും. ഈ തീരുമാനം സീറോ മലബാർ സഭയുടെ വൊക്കേഷൻ കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായിരിക്കും.

(ii) നിയമാവലിയെ സംബന്ധിച്ചും അതിൽ ഉൾപ്പെടാത്ത മറ്റെല്ലാ കാര്യങ്ങളെ സംബന്ധിച്ചും സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പിന്റെ അംഗീകാരത്തോടെ വൊക്കേഷൻ കമ്മീഷൻ നൽകുന്ന നിർദ്ദേശങ്ങൾ അന്തിമമായിരിക്കും.

# അനുബന്ധം - I

## A. ചെറുപുഷ്പ മിഷൻലീഗ് അംഗത്വ സ്വീകരണം

### കർമ്മക്രമം

*(അംഗത്വസ്വീകരണദിവസം, അംഗങ്ങൾ വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നത് അഭിലഷണീയമാണ്. ദൈവാലയത്തിൽ പ്രധാന ബലിപീഠത്തിനു മുമ്പിലോ, വിശുദ്ധ കൊച്ചുത്രേസ്യായുടെ പീഠത്തിങ്കലോ അംഗങ്ങൾ സമ്മേളിക്കുന്നു. ബഹു. ഡയറക്ടർ തിരുവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് അംഗങ്ങൾക്ക് അഭിമുഖമായി നിൽക്കുന്നു. പരിശുദ്ധാരൂപിയോടുള്ള ഗാനത്തോടെ ചടങ്ങുകൾ ആരംഭിക്കുന്നു.)*

കാർമ്മികൻ : അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

അംഗങ്ങൾ : അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ............എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ

കാർമ്മികൻ : നമുക്ക് പ്രാർത്ഥിക്കാം.

അംഗങ്ങൾ : സമാധാനം നമ്മോടുകൂടെ

കാർമ്മികൻ : പരിശുദ്ധാത്മാവിനെ അയച്ച് വിശ്വാസികളുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ച സർവ്വേശ്വരാ, ഈ അരൂപിയുടെ സഹായത്താൽ സത്യമായവയെ ഞങ്ങൾ ഗ്രഹിക്കുവാനും അതിനനുസൃതമായി ജീവിക്കുവാനും അങ്ങേ സാന്നിദ്ധ്യം മൂലം എപ്പോഴും ആനന്ദിക്കുവാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : സർവ്വശക്തനായ പിതാവും/..................

അംഗങ്ങൾ : (വിശ്വാസപ്രമാണം തുടങ്ങിക്കൊടുക്കുന്നു. എല്ലാവരും കൂടി ചൊല്ലുന്നു)

കാർമ്മികൻ : നിങ്ങൾ എന്താഗ്രഹിക്കുന്നു?

അംഗങ്ങൾ : (എല്ലാവരും ഒരുമിച്ച് പറയുന്നു) ഈശോയെ കൂടുതൽ അറിയുന്നതിനും സ്നേഹിക്കുന്നതിനും/അവിടുത്തെ രാജ്യം വിസ്തൃതമാക്കുന്നതിനുംവേണ്ടി/ചെറുപുഷ്പ

മിഷൻലീഗിന്റെ അംഗത്വം സ്വീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കാർമ്മികൻ : ഇതിനായി എന്തു ചെയ്യാൻ നിങ്ങൾ താത്പര്യപ്പെടുന്നു?

അംഗങ്ങൾ : വ്യക്തികളിലും കുടുംബങ്ങളിലും/ഇടവകകളിലും സ്ഥാപനങ്ങളിലും/പ്രേഷിതചൈതന്യം വളർത്തിക്കൊണ്ട്/പ്രാർത്ഥന/സംഭാവന/സന്മാതൃക/ജീവകാരുണ്യ പ്രവർത്തനം/ദൈവവിളി പ്രോത്സാഹനം ഇവ മുഖേന/ഇടവകകളിലും രൂപതയിലും/പ്രത്യേകമായി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള/എല്ലാവിധ പ്രേഷിത പ്രവർത്തനങ്ങളെയും/സംഘടിതമായി സഹായിക്കുന്നതോടൊപ്പം/ഞങ്ങളുടെയും മറ്റുള്ളവരുടെയും/ആദ്ധ്യാത്മികവും സാമൂഹികവും/സാംസ്കാരികവും മാനസികവുമായ/സമഗ്രവികാസത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനും താത്പര്യപ്പെടുന്നു. ഞങ്ങളുടെ ഈ ഉദ്യമത്തിൽ/നമ്മുടെ കർത്താവീശോമിശിഹായുടെ അനുഗ്രഹവും/പ്രേഷിതമദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായവും/ഞങ്ങൾ യാചിക്കുന്നു. ബഹു. ഡയറക്ടറച്ചന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും/അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

കാർമ്മികൻ : നമ്മെ ജീവിപ്പിക്കുന്ന നമ്മുടെ കർത്താവീശോമിശിഹാ നിങ്ങളുടെ ആഗ്രഹങ്ങൾ സഫലമാക്കട്ടെ. തന്റെ പ്രേഷിത ദൗത്യത്തിൽ പങ്കാളികളാകുവാൻ നിങ്ങളെ വിളിച്ച അവിടുന്ന് നിങ്ങളിൽ വസിച്ച് നിങ്ങളെ ശക്തിപ്പെടുത്തട്ടെ.

*(അനന്തരം പ്രത്യേകമായി ഒരുക്കിവച്ചിരിക്കുന്ന ബാഡ്ജ് താഴെ കാണുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് വെഞ്ചരിച്ച് ഓരോരുത്തർക്കും കൊടുക്കുന്നു. ഗായകസംഘം മിഷൻ ഗാനങ്ങൾ ആലപിക്കുന്നു.)*

## ബാഡ്ജ് വെഞ്ചരിക്കുന്ന ക്രമം

കാർമ്മികൻ : സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ പ്രിയപ്പെട്ട ജനമായ ഞങ്ങളെ അങ്ങു തെരഞ്ഞെടുക്കുകയും അങ്ങേ ഏകജാതനായ യേശുക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിലും പ്രവാചകദൗത്യത്തിലും പങ്കുകാരാക്കുകയും ചെയ്തുവല്ലോ. അങ്ങയുടെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് സവിശേഷമായ സ്ഥാനചിഹ്നങ്ങൾ നൽകി അവരെ അനുഗ്രഹിച്ച ദൈവമേ, ചെറുപുഷ്പ മിഷൻലീഗിന്റെ അംഗത്വത്തിന്റെ അടയാളമായ ഈ

ബാഡ്ജിനെ ആശീർവദിക്കണമെ. ഇതു ധരിക്കുന്നവർ സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ ആദർശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിക്കൊണ്ട് ഉത്തമ പ്രേഷിതരായി ജീവിക്കുവാൻ അവരെ അങ്ങ് അനുഗ്രഹിക്കുകയും ചെയ്യണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ... *(വെഞ്ചരിച്ച പനിനീർ തളിക്കുന്നു)*

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : (പേര്) മിഷൻലീഗിന്റെ ബാഡ്ജ് സ്വീകരിച്ചാലും. ഒരു പ്രേഷിതൻ/പ്രേഷിത ആകുവാൻ ഈശോ നിന്നെ അനുഗ്രഹിക്കട്ടെ.

അംഗങ്ങൾ : ആമ്മേൻ

*(എല്ലാവർക്കും ബാഡ്ജ് കൊടുത്തുകഴിയുമ്പോൾ, പ്രസിഡന്റോ, സെക്രട്ടറിയോ താഴെക്കൊടുത്തിരിക്കുന്ന ലേഖന ഭാഗം വായിക്കുന്നു)* എഫേസൂസ് 3:7-12

അംഗങ്ങൾ : നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

*താഴെ കൊടുത്തിരിക്കുന്ന സുവിശേഷ ഭാഗങ്ങളിൽ ഏതെങ്കിലും ഒന്ന് കാർമ്മികൻ വായിക്കുന്നു.*

*വി.ലൂക്കാ. 10:1-3, വി.യോഹ. 10:14-16, വി.മത്തായി. 28:18-20*

അംഗങ്ങൾ : നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി

*(സുവിശേഷ വായനയ്ക്കുശേഷം, കാർമ്മികൻ ഒരു ഉപദേശം നൽകുന്നത് ഉചിതമാണ്)*

## അനുഗ്രഹപ്രാർത്ഥന

കാർമ്മികൻ : നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രത്യാശയോടും കൂടി "കർത്താവേ, ഞങ്ങളെ സഹായിക്കണമേ" എന്നു പ്രാർത്ഥിക്കാം.

അംഗങ്ങൾ : കർത്താവേ, ഞങ്ങളെ സഹായിക്കണമേ

കാർമ്മികൻ : മാമ്മോദീസാവഴി ലഭിച്ച നവജീവനും സ്ഥൈര്യലേപനം വഴി സ്വീകരിച്ച ആത്മസ്ഥൈര്യത്തിനും ശക്തിക്കും അനുസൃതമായി ഉത്തമ പ്രേഷിതജീവിതം നയിക്കുവാൻ

അംഗങ്ങൾ : കർത്താവേ, ഞങ്ങളെ സഹായിക്കണമേ

കാർമ്മികൻ : ക്രൈസ്തവസഭ സമസ്തലോകത്തിനും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമാണെന്ന് ഞങ്ങളുടെ സാമൂഹികജീവിതം വഴി പ്രഖ്യാപിക്കുവാൻ.

അംഗങ്ങൾ : കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കാർമ്മികൻ : സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നുള്ള അങ്ങേ ആഗ്രഹം, മിഷനറി പ്രവർത്തനത്തിനുള്ള ഞങ്ങളുടെ തീക്ഷ്ണത വഴിയായി പ്രഖ്യാപിക്കുവാൻ

അംഗങ്ങൾ : കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കാർമ്മികൻ : അങ്ങയുടെ സുവിശേഷം അറിയപ്പെടാത്ത പ്രദേശങ്ങളിലേക്ക് സേവനസന്നദ്ധതയും ത്യാഗമനസ്ഥിതിയുമുള്ള നിരവധി പ്രേഷിതരെ നൽകുവാൻ

അംഗങ്ങൾ : കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കാർമ്മികൻ : മനുഷ്യകുലത്തെ മുഴുവൻ, ക്രിസ്തുവിൽ ഒരു കുടുംബവും, ഒരു ജനതയും ഒരിടയനും ഒരു തൊഴുത്തും ആക്കിത്തീർക്കുവാൻ

അംഗങ്ങൾ : കർത്താവേ, ഞങ്ങളെ സഹായിക്കണമേ.

കാർമ്മികൻ : സുവിശേഷപ്രചാരണത്തിൽ ഭാഗഭാക്കുകളാകുവാൻ നമുക്ക് ലഭിച്ചിട്ടുള്ള ഭാഗ്യത്തെയും, വിവിധ കർത്തവ്യനിർവ്വഹണത്തിൽ ലഭിച്ചിട്ടുള്ള പ്രോത്സാഹനങ്ങളെയും സഹകരണങ്ങളെയും ഓർത്ത് നമുക്കെല്ലാവർക്കും പരമകാരുണികനായ ദൈവത്തിനു നന്ദി പറയാം.

അംഗങ്ങൾ : കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

കാർമ്മികൻ : ഞങ്ങളുടെ പിതാവായ മാർതോമ്മാശ്ലീഹായെയും പ്രേഷിതപ്രവരനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറെയും വിദൂരമായ ഭാരതഭൂവിലേക്ക് അയച്ച സർവ്വേശ്വരാ

അംഗങ്ങൾ : കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

കാർമ്മികൻ : കേരളസഭ സ്വീകരിച്ചിട്ടുള്ള ദൈവവിളികളാകുന്ന വിലപ്പെട്ട അനുഗ്രഹങ്ങൾക്ക് ആനന്ദപൂർവ്വം നമുക്ക് നന്ദി പറയാം.

അംഗങ്ങൾ : കർത്താവേ, ഞങ്ങൾ അങ്ങയോട് നന്ദി പറയുന്നു.

കാർമ്മികൻ : ഞങ്ങളുടെ പരിശുദ്ധ പിതാവായ മാർ...... മാർപാപ്പായുടെയും ലോകത്തെങ്ങുമുള്ള മെത്രാന്മാരുടെയും ഈ രൂപതയുടെ അദ്ധ്യക്ഷനായ മാർ...... മെത്രാപ്പോലീത്തായുടെയും (മെത്രാന്റെയും) പരിശുദ്ധമായ പ്രേഷിത യത്നങ്ങളെ കടാക്ഷിക്കണമെന്നു നമുക്ക് പ്രാർത്ഥിക്കാം.

അംഗങ്ങൾ : കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മികൻ : നിന്റെ വിശുദ്ധ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും സന്യാസിനി സന്യാസികൾക്കും അൽമായ പ്രേഷിതർക്കും പ്രകാശവും ശാന്തിയും നൽകണമെന്ന്

അംഗങ്ങൾ : കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മികൻ : ക്രിസ്തീയ ജീവിതത്താലും പ്രാർത്ഥനയാലും ധനസഹായത്താലും മിഷൻപ്രവർത്തനങ്ങളെ സഹായിക്കാനുള്ള കഴിവും താത്പര്യവും ഞങ്ങളിൽ വർദ്ധിപ്പിക്കണമെന്ന്

അംഗങ്ങൾ : കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മികൻ : ഞങ്ങളുടെ മാതൃഭൂമിയായ ഭാരതത്തിൽ, നിന്റെ സുവിശേഷം പ്രസംഗിച്ച, പരേതരായ മിഷനറിമാരെയും ഞങ്ങളുടെ പ്രേഷിത സംഘടനയുടെ അംഗങ്ങളായ പരേതരെയും സ്വർഗ്ഗീയ വിരുന്നിൽ പങ്കുകാരാക്കണമെന്ന്.

അംഗങ്ങൾ : കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മികൻ : ഞങ്ങളുടെ മാതൃരാജ്യത്തിനും, അതിൽ വസിക്കുന്നവർക്കും, ആദ്ധ്യാത്മികവും ഭൗതികവുമായ ക്ഷേമം കൈവരുന്നതിന് പരിശ്രമിക്കുന്ന നേതാക്കന്മാർക്കു വേണ്ടി

അംഗങ്ങൾ : കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മികൻ : നമുക്കെല്ലാവർക്കും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : നമുക്ക് പ്രാർത്ഥിക്കാം

അംഗങ്ങൾ : സമാധാനം നമ്മോടുകൂടെ

കാർമ്മികൻ : എല്ലാ മനുഷ്യരും സത്യം അറിയണമെന്നും രക്ഷപ്രാപിക്കണമെന്നും ആഗ്രഹിക്കുന്ന ദൈവമേ, നിന്റെ വയലിലേക്കു യോഗ്യരായ ധാരാളം വേലക്കാരെ അയയ്ക്കണമേ. നിന്റെ വചനത്തെ തികഞ്ഞ പ്രത്യാശയോടുകൂടി പ്രസംഗിക്കുവാൻ അവർക്കു നീ ശക്തി നൽകണമേ. നിന്റെ സുവിശേഷം അതിവേഗം പ്രചരിക്കുകയും ആദരിക്കപ്പെടുകയും ചെയ്യട്ടെ. സർവ്വജാതികളും സത്യൈക ദൈവമായ നിന്നെയും നീ അയച്ച നിന്റെ പുത്രനും നിന്നോടുകൂടി നിത്യം ജീവിച്ചുവാഴുന്നവനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായെയും അറിയുവാൻ ഇടയാകട്ടെ.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനും ഭാരത്തിൽ ആദ്യമായി സുവിശേഷം പ്രസംഗിച്ച ഞങ്ങളുടെ പിതാവുമായ മാർത്തോമ്മാശ്ലീഹായേ, സഭയ്ക്കുവേണ്ടി ഏതദ്ധ്വാനവും ത്യാഗവും മരണംതന്നെയും കൈവരിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ

എന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : തീക്ഷ്ണതയുറ്റ പ്രേഷിതനായ വിശുദ്ധ ഫ്രാൻസിസ് സേവ്യറേ, പ്രേഷിതചൈതന്യത്തിലും തീക്ഷ്ണതയിലും അങ്ങയെ അനുകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ എന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : പ്രേഷിത മദ്ധ്യസ്ഥയും മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയുമായ വിശുദ്ധ കൊച്ചുത്രേസ്യായേ, മിഷൻലീഗിനെയും അതിന്റ ഭാരവാഹികളെയും പ്രവർത്തകരെയും അംഗങ്ങളെയും നിന്റെ പുഷ്പവർഷത്താൽ സമ്പന്നരാക്കണമേ.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : മിഷൻലീഗിന്റെ പ്രചോദകയും സഹനത്തിന്റെ മാതൃകയുമായ വി. അൽഫോൻസാമ്മേ, സ്നേഹവും ത്യാഗവും സേവനവും സഹനവും വഴി മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ ലോകമെങ്ങും വ്യാപിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

അംഗങ്ങൾ : ആമ്മേൻ

കാർമ്മികൻ : ഈശോയുടെ പരിശുദ്ധ ഹൃദയമേ...

അംഗങ്ങൾ : അങ്ങയുടെ രാജ്യം വരണമെ.

കാർമ്മികൻ : മറിയത്തിന്റെ വിമലഹൃദയമേ...

അംഗങ്ങൾ : ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണമെ.

കാർമ്മികൻ : വിശുദ്ധ തോമ്മാശ്ലീഹായേ...

അംഗങ്ങൾ : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മികൻ : വിശുദ്ധ ഫ്രാൻസിസ് സേവ്യറേ...

അംഗങ്ങൾ : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മികൻ : വിശുദ്ധ കൊച്ചുത്രേസ്യായേ...

അംഗങ്ങൾ : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മികൻ : വിശുദ്ധ അൽഫോൻസാമ്മേ...

അംഗങ്ങൾ : ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

കാർമ്മികൻ : നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും,

അംഗങ്ങൾ : ആമ്മേൻ.

## B അംഗത്വ നവീകരണം

അംഗത്വ സ്വീകരണത്തിന്റെ ക്രമങ്ങൾതന്നെ. ബാഡ്ജ് വെഞ്ചരിപ്പ്, സ്വീകരണക്രമങ്ങൾ ഉപേക്ഷിക്കുക.

"നിങ്ങൾ എന്താഗ്രഹിക്കുന്നു" എന്ന കാർമ്മികന്റെ ചോദ്യത്തിന് ഉത്തരം പറയുമ്പോൾ അംഗത്വം സ്വീകരിക്കുവാൻ എന്നതിനുപകരം അംഗത്വം നവീകരിക്കുവാൻ എന്ന് ചൊല്ലണം.

## C ഭാരവാഹികൾ സ്ഥാനമേൽക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥനയും പ്രതിജ്ഞയും

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..

കർത്താവായ ഈശോയേ, നിത്യസ്നേഹത്തിന്റെ ഉറവിടമായ അങ്ങയെ ഞാൻ/ഞങ്ങൾ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങേക്ക് നന്ദിപറയുന്നു.

വചനമായ ഈശോയേ, സുവിശേഷത്തിന് സാക്ഷ്യം വഹിക്കാൻ ചെറുപുഷ്പ മിഷൻലീഗിന്റെ അംഗമായ എന്നെ/ഞങ്ങളെ അനുഗ്രഹിക്കണമേ.

സംഘടന ഭരമേൽപ്പിക്കുന്ന കർത്തവ്യം നന്നായി മനസ്സിലാക്കാനും, വിവേകത്തോടെയും വിശ്വസ്തതയോടെയും നിറവേറ്റാനും എന്നെ/ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യാമറിയമേ, ഞങ്ങളുടെ പിതാവായ മാർതോമ്മാശ്ലീഹായേ, സ്വർഗ്ഗീയ മദ്ധ്യസ്ഥരായ വി. കൊച്ചുത്രേസ്യായേ, വി. ഫ്രാൻസീസ് സേവ്യറേ, വി. അൽഫോൻ സാമ്മേ, ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കണമേ.

### പ്രതിജ്ഞ

ചെറുപുഷ്പ മിഷൻലീഗിന്റെ ..... (സ്ഥാനം) ... ആയി തെരഞ്ഞെടുക്കപ്പെട്ട ഞാൻ ...... (പേര്) .... സംഘടനയുടെ ചൈതന്യത്തിന് ചേർന്ന വിധം, സംഘടനയുടെ ലക്ഷ്യപ്രാപ്തിക്കായി എന്റെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്നും, എന്നെ ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം വിശ്വസ്തതയോടും, നിയമാവലിക്ക് അനുസൃതമായും ചെയ്തു കൊള്ളാമെന്നും വി. ഗ്രന്ഥം സാക്ഷിയാക്കി ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

# അനുബന്ധം-II

## A ഗ്രൂപ്പ് സമ്മേളനം

1. **പ്രാരംഭപ്രാർത്ഥന**

    1 സ്വർഗ്ഗസ്ഥനായ പിതാവേ...

    1 നന്മനിറഞ്ഞ മറിയമേ...

    1 ത്രിത്വസ്തുതി...

    ബോധജ്ഞാനത്തിന്റെ സിംഹാസനമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

2. **ഉപക്രമം**

    ഗ്രൂപ്പിന് ശാഖാഭാരവാഹികളിൽ നിന്ന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ലീഡർ ആ വിവരം അറിയിക്കുന്നു.

3. **പ്രസംഗം**

    പ്രേഷിത പ്രവർത്തനത്തെപ്പറ്റി ആരെങ്കിലും പ്രസംഗിക്കുകയോ വായിക്കുകയോ ചെയ്യുന്നു.

4. **റിപ്പോർട്ട്**

    ഫീസും, വിവിധ പ്രേഷിതപ്രവർത്തനങ്ങളുടെയും സുകൃതങ്ങളുടെയും ലിസ്റ്റും മാനുവൽ ബുക്കിൽ രേഖപ്പെടുത്തുന്നു.

5. **കാര്യാലോചന**

    ഗ്രൂപ്പുപ്രവർത്തനങ്ങളെ സംബന്ധിച്ച ആവശ്യമായ കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കുന്നു.

6. **ഹാജർ**

7. **അവസാന പ്രാർത്ഥന**

ലീഡർ : സർവ്വജാതികളേ, കർത്താവിനെ സ്തുതിപ്പിൻ

അംഗങ്ങൾ : സർവ്വജനങ്ങളേ, കർത്താവിനെ സ്തുതിപ്പിൻ

ലീഡർ : എന്തെന്നാൽ, അവിടുത്തെ കരുണ നമ്മുടെമേൽ ദർശിക്കപ്പെട്ടു.

അംഗങ്ങൾ : അവിടുന്ന് എന്നെന്നേക്കും കർത്താവായിരിക്കുന്നു.

ലീഡർ : നമുക്ക് പ്രാർത്ഥിക്കാം

അംഗങ്ങൾ : സമാധാനം നമ്മോടുകൂടെ

ലീഡർ : എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവമേ, നിന്റെ വയലിലേക്ക് യോഗ്യരായ ധാരാളം വേലക്കാരെ അയയ്ക്കണമേ. നിന്റെ വചനത്തെ തികഞ്ഞ പ്രത്യാശയോടുകൂടി പ്രസംഗിക്കുവാൻ അവർക്ക് നീ ശക്തി നൽകണമേ. നിന്റെ സുവിശേഷം അതിവേഗം പ്രചരിക്കുകയും ആദരിക്കപ്പെടുകയും ചെയ്യട്ടെ. സർവ്വജാതികളും

സത്യൈക ദൈവമായ നിന്നെയും നീ അയച്ച നിന്റെ പുത്രനും നിന്നോടുകൂടി നിത്യം ജീവിച്ചു വാഴുന്നവനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായെയും അറിയുവാൻ ഇടയാകട്ടെ. ഇന്നു നിന്റെ പ്രേഷിതരായി ജീവിച്ചുകൊണ്ട് ഒരുനാൾ നിന്റെ മഹത്വത്തിൽ പ്രവേശിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും

അംഗങ്ങൾ : ആമ്മേൻ

## B പ്രതിമാസ യോഗനടപടികൾ

(കുറിപ്പ്: പ്രതിമാസയോഗം ചേരുന്ന സ്ഥലത്ത് യോഗസമയം, സംഘടനാ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ രൂപം അലങ്കരിച്ചും ഇരുവശങ്ങളിൽ തിരികത്തിച്ചും ഒരു മേശപ്പുറത്ത് വച്ചിരിക്കണം. രൂപത്തിന്റെ മുമ്പിൽ ചെറുപുഷ്പ മിഷൻലീഗ് എന്നു മഞ്ഞനിറത്തിൽ എഴുതിയ ഒരു പച്ചത്തുണി വിരിച്ചിരിക്കേണ്ടതാണ്.)

1. പ്രാർത്ഥന (പ്രാർത്ഥനാപുസ്തകത്തിലെ ഔദ്യോഗിക പ്രാർത്ഥന)
2. ഹാജർ
3. സ്വാഗതം
4. റിപ്പോർട്ടും കണക്കും (ജനറൽ സെക്രട്ടറി)
5. അധ്യക്ഷപ്രസംഗം (പ്രസിഡന്റ്)
6. സർക്കുലറുകളും മിഷൻകത്തും
7. പ്രസംഗങ്ങൾ
8. പൊതുചർച്ചകൾ
9. മിനിട്ട്സ് അവതരണം
10. കൃതജ്ഞത
11. സമാപന പ്രാർത്ഥന
12. മിഷൻ ആന്തം

## C സുകൃതഡയറിയിൽ (മാനുവൽബുക്കിൽ) ഉൾപ്പെട്ട പുണ്യപ്രവൃത്തികൾ

1. ദിവ്യബലി
2. ദിവ്യകാരുണ്യസ്വീകരണം
3. ജപമാല
4. ദിവ്യകാരുണ്യ സന്ദർശനം
5. ബൈബിൾ പാരായണം
6. സുകൃതജപം
7. ആശയടക്കം
8. പരോപകാരപ്രവൃത്തി

## D പ്രത്യേക സമ്മേളനങ്ങൾ ചേരേണ്ട ദിവസങ്ങൾ

1. വി. തോമാശ്ലീഹായുടെ തിരുനാൾ (ജൂലൈ 3)
2. വി. കൊച്ചുത്രേസ്യായുടെ തിരുനാൾ (ഒക്ടോബർ 1)
3. വി. ഫ്രാൻസീസ് സേവ്യറുടെ തിരുനാൾ (ഡിസംബർ 3)
4. വി. അൽഫോൻസാമ്മയുടെ തിരുനാൾ (ജൂലൈ 28)
5. ദൈവവിളി ദിനം
6. മിഷൻ ഞായർ
7. ബൈബിൾ ദിനം
8. റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം (സെപ്റ്റംബർ 9)
9. ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) ചരമ ദിനം (ആഗസ്റ്റ് 11)

## E പൊതുയോഗങ്ങളിൽ ഭാരവാഹികളുടെ ക്രമം.

ചെറുപുഷ്പ മിഷൻലീഗിന്റെ എല്ലാ യോഗങ്ങളിലും അതത് തല ങ്ങളിലെ പ്രസിഡന്റുമാർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. സംഘടന യുടെ വിവിധ തലങ്ങളിലുള്ള ആഘോഷപരിപാടികളുടെ പ്രോഗ്രാം തയ്യാറാക്കുമ്പോൾ താഴെക്കൊടുത്തിരിക്കുന്ന പ്രോട്ടോക്കോൾ കൃത്യ മായും പാലിക്കേണ്ടതാണ്.

**കാറ്റഗറി 1:** 1.അന്തർദ്ദേശിയ ഡയറക്ടർ 2.പ്രസിഡന്റ് 3.ജന: സെക്ര ട്ടറി 4.ജന: ഓർഗനൈസർ 5.വൈസ് ഡയറക്ടർമാർ

**കാറ്റഗറി 2:** 1.ദേശീയ ഡയറക്ടർ 2.പ്രസിഡന്റ് 3.ജന: സെക്രട്ടറി 4.ജന: ഓർഗനൈസർ 5.വൈസ് ഡയറക്ടർമാർ 6.ഒന്നാം കാറ്റഗറിയിൽ ഉൾപ്പെടാത്ത അന്തർദ്ദേശീയ എസ്കിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

**കാറ്റഗറി 3:** 1.സംസ്ഥാന ഡയറക്ടർ 2.പ്രസിഡന്റ് 3.ജന: സെക്രട്ടറി 4.ജന:ഓർഗനൈസർ 5.വൈസ് ഡയറക്ടർമാർ 6.രണ്ടാം കാറ്റഗറിയിൽ ഉൾപ്പെടാത്ത ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

**കാറ്റഗറി 4:** 1.രൂപതാ ഡയറക്ടർ 2.പ്രസിഡന്റ് 3.ജന: സെക്രട്ടറി 4.ജന:ഓർഗനൈസർ 5.വൈസ് ഡയറക്ടർ 6.കാറ്റഗറി മൂന്നിൽ ഉൾപ്പെ ടാത്ത സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, രൂപതാ എക്സി ക്യൂട്ടീവ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ

**കാറ്റഗറി 5:** 1.മേഖലാ ഡയറക്ടർ 2.പ്രസിഡന്റ് 3.ജന: സെക്രട്ടറി 4.ജന:ഓർഗനൈസർ 5.വൈസ് ഡയറക്ടർ 6.മറ്റ് മേഖലാ എക്സിക്യൂ ട്ടീവ് കമ്മിറ്റി അംഗങ്ങൾ

# അനുബന്ധം-III
# റിക്കാർഡുകൾ

1. ഹാജർ രജിസ്റ്റർ
2. അംഗത്വ രജിസ്റ്റർ
3. നാൾവഴി
4. നാളാഗമം
5. പ്രതിമാസയോഗ റിപ്പോർട്ട്
6. മാനേജിംഗ് കമ്മിറ്റി റിപ്പോർട്ട്
7. മിനിട്ട്സ് ബുക്ക്
8. വാർഷിക റിപ്പോർട്ട്
9. ദൈവവിളി രജിസ്റ്റർ
10. സന്ദർശക ഡയറി
11. ഫയലുകൾ
12. സ്റ്റോക്ക് രജിസ്റ്റർ
13. നിയമാവലി
14. മാർഗ്ഗരേഖ

# അനുബന്ധം-IV

## 1. ചെറുപുഷ്പ മിഷൻലീഗ് പതാക

മദ്ധ്യത്തിൽ ചുവപ്പും, മുകളിലും താഴെയും മഞ്ഞയും നിറങ്ങൾ ഒരേ അളവിൽ. ഔദ്യോഗിക പതാകയ്ക്ക് ആറ് അടി നിളവും നാല് അടി വീതിയും ഉണ്ടായിരിക്കണം.

സംഘടനയുടെ എല്ലാ ഔദ്യോഗിക ആഘോഷപരിപാടികൾക്കും മുമ്പ് 6’ x 4’ സൈസിലുള്ള ഔദ്യോഗിക പതാക അതത് തലത്തിലെ പ്രസിഡന്റോ അദ്ദേഹം നിയോഗിക്കുന്ന മുതിർന്ന ഭാരവാഹിയോ ഉയർത്തേണ്ടതും, പരിപാടികൾ അവസാനിച്ച് ഒരു മണിക്കൂറിനകം ഔപചാരികമായി പതാക താഴ്ത്തേണ്ടതുമാണ്. പതാക ഉയർത്തിയ ശേഷം എല്ലാവരും അറ്റൻഷനായി നിന്ന് പതാകാ വന്ദനം നടത്തേണ്ടതും, മിഷൻ ആന്തം ആലപിക്കേണ്ടതുമാണ്.

പതാകകൾ തലകീഴായി കെട്ടിത്തൂക്കുകയോ, മേശവിരി, പ്രസംഗ പീഠവിരി, ഷാൾ തുടങ്ങിയവയായി ഉപയോഗിക്കുകയോ ചെയ്യരുത്. പതാകയിൽ ചിഹ്നങ്ങളോ പേരുകളോ തീയതികളോ ആലേഖനം ചെയ്യരുത്.

സൂചകം : (a) **ചുവപ്പ്:** സഭയ്ക്കുവേണ്ടിയുള്ള രക്തസാക്ഷിത്വം, സ്നേഹം, ത്യാഗം, സേവനം, സഹനം ഇവ രക്തസാക്ഷിത്വത്തിൽ ഉൾപ്പെടുന്നതാണ്.

(b) **മഞ്ഞ:** ശാന്തിയുടെയും സമാധാനത്തിന്റെയും പ്രതീകം. മിഷൻലീഗ് എവിടെയും ശാന്തിയും സമാധാനവും നിലനിർത്താൻ പരിശ്രമിക്കണം.

**2. നെയിംബോർഡ് :** മദ്ധ്യത്തിൽ ചുവപ്പും മുകളിലും താഴെയും മഞ്ഞയും ഒരേ അളവിൽ.

| | |
|---|---|
| ശാഖകൾക്കുള്ളത് | 3'x1.5' |
| മേഖലകൾക്കുള്ളത് | 4'x2' |
| മറ്റ് തലങ്ങൾക്കുള്ളത് | 5'x2.5' |

## 3. ബാഡ്ജ്

(i) 8cm നീളവും 4cm വീതിയുമുള്ള ചുവന്ന റിബണിന്റെ താഴത്തെ അറ്റത്തു മഞ്ഞനിറത്തിൽ 4cm നീളമുള്ള തൊങ്ങലുകൾ (അലുക്കുകൾ)

(ii)ഹൃദയത്തിന്റെ ആകൃതിയിൽ പച്ചനിറത്തിലുള്ള ഷീൽഡും (പരിച), അതിൽ വെള്ളനിറത്തിലുള്ള കുരിശും, മദ്ധ്യത്തിൽ വി. ചെറുപുഷ്പത്തിന്റെ മെഡലും.

സൂചകം: (a) **ഷീൽഡ് (പരിച):** വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രതീകമാണ് പച്ചനിറം. വിശ്വാസവും പ്രത്യാശയുമാകുന്ന ഷീൽഡ്, ജീവിതായോധനത്തിൽ നമുക്ക് സഹായമാണ്.

(b) **കുരിശ്:** കുരിശുമേന്തി ക്രിസ്തുനാഥന് സാക്ഷ്യം വഹിച്ച രക്തസാക്ഷികളെ അനുസ്മരിപ്പിക്കുന്നു.

(c) **മെഡൽ:** സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. ചെറുപുഷ്പത്തോട് സ്നേഹാദരങ്ങളും ഭക്തിയും ഉണ്ടായിരിക്കുക; അവളുടെ പ്രേഷിതചൈതന്യം സ്വായത്തമാക്കാൻ പരിശ്രമിക്കുക.

**4. എംബ്ളം:** ഭാരതപശ്ചാത്തലത്തിൽ വിടർത്തിവച്ച വിശുദ്ധഗ്രന്ഥം, വിശുദ്ധ കുരിശ്, ദീപം, ഗോതമ്പ് കതിർമണികൾ.

**ഭാരതം** : ആർഷഭാരതത്തെ, ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിലേക്ക് ആനയിക്കുവാൻ കേരളസഭയുടെ പ്രേഷിത ചൈതന്യത്തിന്റെ മൂർത്തീഭാവമായ ചെറുപുഷ്പ മിഷൻലീഗിനുള്ള ഉത്തരവാദിത്വം ഓർമ്മിപ്പിക്കുന്നു.

**വിശുദ്ധഗ്രന്ഥം** : പാദങ്ങൾക്ക് ദീപവും മാർഗ്ഗത്തിന് പ്രകാശവുമാണല്ലോ വിശുദ്ധഗ്രന്ഥം. വിശുദ്ധ ഗ്രന്ഥപഠന

ത്തിലൂടെ പ്രേഷിതൻ യഥാർത്ഥ ക്രിസ്തു ശിഷ്യനാകണം.

**കുരിശ്** : ലോകരക്ഷയുടെ പ്രതീകം. കുരിശിലൂടെ ഭാരതം ക്രൂശിതനായ ഈശോയിൽ അഭയം പ്രാപിക്കണം.

**ദീപം** : ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ ഭാരതത്തിൽ പ്രകാശിപ്പിക്കാൻ ചെറുപുഷ്പ മിഷൻ ലീഗ് ശ്രമിക്കുന്നു.

**ഗോതമ്പുമണികൾ:** 'വിളവ് അധികം, വേലക്കാരോ ചുരുക്കം' എന്ന തിരുവചനം അനുസ്മരിപ്പിക്കുന്നു. വിളവേറെയുള്ള ഭാരതവയലിൽ ഇനിയും വേലക്കാർ ധാരാളം വേണം. ദൈവവിളികളുടെ പ്രോത്സാഹനം ത്വരിതപ്പെടുത്തണമെന്ന് സൂചിപ്പിക്കുന്നു.

## മിഷൻ ആന്തം

ഭാരതമേ, നിൻ രക്ഷ നിൻ മക്കളിൽ – ആർഷ
പൂവനമേ, നിൻ ശാന്തി നിൻ കൈകളിൽ
സോദരരേ കൈകോർത്തു മുന്നേറുവിൻ
സത്യകാഹളം മുഴക്കി മുന്നേറുവിൻ.

ചെമ്മഞ്ഞക്കൊടി പിടിക്കും കൈകൾ
ക്രിസ്തുവിനായ് പണിയെടുക്കും കൈകൾ
വയലുകളേ വിളഞ്ഞ വയലുകളേ
വിളവെടുക്കുവാൻ ഞങ്ങളണിനിരക്കുന്നു.

സ്നേഹവും ത്യാഗവും നുകർന്നു ഞങ്ങൾ
സേവനത്തിൽ ദൂതരായ് വരുന്നിതാ
കരകളും തിരകളും കടന്നു ഞങ്ങൾ
സുവിശേഷ ദൂതരായ് വരുന്നിതാ.

(ഭാരതമേ....)

*(സംഘടനയുടെ ഔദ്യോഗിക സമ്മേളനങ്ങൾ മിഷൻ ആന്തത്തോടെയാണ് സമാപിക്കേണ്ടത്)*

# ചെറുപുഷ്പ മിഷൻലീഗ് പ്രഥമ ഗ്രൂപ്പ്



1. ശ്രീ. റ്റി. റ്റി. മാത്യു തകിടിയേൽ 2. ശ്രീ. പി. സി. അബ്രാഹം പല്ലാട്ടുകുന്നേൽ
3. ശ്രീ. റ്റി. റ്റി. മാത്യു തേക്കുംകാട്ടിൽ 4. റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ
5. ശ്രീ. കെ. എസ്. മാത്യു കിഴക്കേക്കര 6. ശ്രീ. പി. ജെ. തോമസ് പാലപ്ലാക്കൽ
7. ശ്രീ. എം. കെ. ജോസഫ് മാറാമറ്റം




## ചെറുപുഷ്പ മിഷൻലീഗ് മാതൃഭവൻ

# ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകർ

**സ്ഥാപക ഡയറക്ടർ**



റവ. ഫാ. ജോസഫ്
മാലിപ്പറമ്പിൽ

**സ്ഥാപക നേതാവ്**



ശ്രീ. പി.സി. അബ്രാഹം
പല്ലാട്ടുകുന്നേൽ
(കുഞ്ഞേട്ടൻ)

